# ഇന്നത്തെ പ്രശ്നം
# (Problems of The Day)

ശ്രീ പ്രഭാത് രഞ്ജൻ സർകാർ

വിവർത്തകർ:
എം.പി. ജാനകി അമ്മ,
സുഭദ്ര

# ഇന്നത്തെ പ്രശ്നം

# (Problems of The Day

Author : Shrii Prabhat Ranjan Sarkar.
First Malayalam Edition: Ananda Purnima 1971
Translation from English to Malayalam by:
M. P. Janaki Amma (Tatvika)
and Subhadra
2nd Malayalam Edition : March 2017
Revised by : Sethumadhavan
Verified by : Jayaraj
Published by: Babu Thayyil and
Acarya Satyabodhananda Avadhauta
Ananda Marga Publication Committee,Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur, Kerala.

Email: ampublicationkerala@gmail.com
WhatsApp: 7558028519

# സമർപ്പണം

“ഞാൻ സ്നേഹിച്ചിരുന്ന ഇപ്പോഴും സ്നേഹിച്ചുകൊണ്ടിരിക്കുന്ന എന്റെ മഹാ വീരനായ സുബാഷ് ചന്ദ്രബോസിന്.”

ശ്രീ പ്രഭാത് രഞ്ജൻ സർകാർ

# പ്രസാധക കുറിപ്പ്

ശ്രീ പ്രഭാത് രഞ്ജൻ സർകാർ, 1958 ജാനുവരി 26 ൽ ബീഹാറിലെ ഭഗൽപൂരിലുള്ള ത്രിമോഹനിൽ, "റിനൈസൻസ് യൂണിവേഴ്സൽ ക്ലബ്ബ്" ഉൽഘാടന വേളയിൽ സംഘടിപിച്ച യുവജന സമ്മേളനത്തിൽ നടത്തിയ പ്രഭാഷണമാണ് ഈ പുസ്തകം. ഈ പ്രഭ്ഷണത്തിലുടെയാണ് അദ്ദേഹം തന്റെ രാഷ്ട്രീയ സാമ്പത്തിക വീക്ഷണങ്ങൾ ആദ്യമായി ലോകത്ത് അവതരിപ്പിക്കുന്നത് ഒരിക്കൽപോലും രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചിട്ടില്ലാത്ത. ശ്രീ പ്രഭാത് രഞ്ജൻ സരക്കാര, ഒരു തത്ത്വജ്ഞാനിയെന്ന നിലയിൽ, തനിക്ക് ശരിയെന്ന് തോന്നിയ ധാരണാകൾ നർഭയമായി പറയുകയെന്നത് തന്റെ ഒരു ധാർമ്മിക ബാധ്യതയായി കരുതി.

# ഇന്നത്തെപ്രശ്നം

**1**

പരമപുരുഷൻ എന്റെ പിതാവും പരമപ്രകൃതി എന്റെ മാതാവുമാണ്. ഈ പ്രപഞ്ചമാണെന്റെ സ്വദേശം. നമ്മളെല്ലാവരും ഈ വിശ്വത്തിലെ പൗരന്മാരാണ്.

ബ്രഹ്മമനസ്സിന്റെ കൽപ്പനയാണ് ഈ ജഗത്ത്, ഈ കൽപനാധാരയുടെ സഞ്ചര പ്രതിസഞ്ചരക്രിയയിലൂടെയാണ് സകല വസ്തുക്കളുടെയും സൃഷ്ടിസ്ഥിതിലയങ്ങൾ സംഭവിക്കുന്നത്. വ്യക്തിഗതമായ ഭാവത്തിൽ ഒരു മനുഷ്യൻ എന്തെങ്കിലും മനസ്സിൽ ഭാവന ചെയ്യുമ്പോൾ ആ നിമിഷത്തേക്ക് അവനാണ് ആ വസ്തുവിന്റെ യജമാനൻ; മറ്റാരുമല്ല. കൽപ്പനാസൃഷ്ടമായ വയലേലകളിൽ മനുഷ്യൻ കൽപനാസൃഷ്ടമായ ഈ പ്രപഞ്ചത്തിന്റെ പ്രതാപത്തിൽ ചലിക്കുമ്പോൾ സ്രഷ്ടാവ് ഭാവനാ സൃഷ്ടനായ മനുഷ്യനല്ല; ഭാവനചെയ്യുന്ന ആൾതന്നെയാണ്. ബ്രഹ്മത്തിന്റെ ഭാവനയിലാണ് ഈ ജഗത്തു സൃഷ്ടമാകുന്നത്. അതിനാൽ ബ്രഹ്മത്തിന്റെ ഭാവനയുടെ യഥാർത്ഥ ഉടമസ്ഥനും അദ്ദേഹം മാത്രമേ ആയിരിക്കൂ. സൃഷ്ടിക്കപ്പെട്ട ജീവികൾ അല്ലതന്നെ. ഈ ഭൂതലത്തിലെ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെ ഒരു വ്യക്തിയുടെയും സ്വന്തമല്ല; നമ്മുടെ എല്ലാവരുടെയും പൈതൃക സ്വത്തെന്നപോലെ ഓരോ ജിവിക്കും ഈ സ്വത്തിന്റെ അവകാശം ശരിയായ വിധം ഉപയോഗിക്കാനും സംരക്ഷിക്കാനും സാധിക്കുന്നു.ഒരു

അവിഭക്തകുടുംബത്തിലെ അംഗങ്ങളെന്നനിലയ്ക്ക് സാധാരണമോ സംയുക്തമോ ആയ മുതലുകൾ നാം ഭദ്രമായി സംരക്ഷിക്കണം. ഇതുമാത്രംപോരാ, ഓരോരുത്തർക്കും തുല്യാവകാശം ഉറപ്പുനൽകത്തക്കവിധം ആഹാരത്തിലും വസ്ത്രധാരണത്തിലും നാം തന്നെ യുക്തമായ രീതിയിൽ ഉപയോഗിക്കുകയുംകൂടി വേണം. അവികലമായ ഒരു ശരീരത്തോടും മനസ്സോടുംകൂടി നമുക്കെല്ലാവർക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റത്തക്കവിധം ജീവിക്കാവുന്ന ഒരു വ്യവസ്ഥിതി നമുക്കാരംഭിക്കാം. ഈ സചേതനമായ പ്രപഞ്ചം മുഴുവനും ഒരു വലിയ അവിഭക്ത കുടുംബമാണെന്നും, പ്രകൃതിയാതൊരു സമ്പത്തും ഒരു പ്രത്യേക വ്യക്തിക്കായി ഭാഗിച്ചുവച്ചിട്ടില്ലെന്നുമുള്ള വസ്തുത ഒരു നിമിഷത്തേക്കുപോലും നമുക്ക് വിസ്മരിക്കാവുന്നതല്ല. ഈ വ്യവസ്ഥിതിയിലെ ന്യൂനതകൾകൊണ്ടു തങ്ങൾക്ക് അനുകൂലമായ അവസരം ലഭിക്കാനും ഇത്തിൾക്കണ്ണിപോലെ തടിച്ചു കൊഴുക്കാനുമുള്ള കഴിവു നേടാൻ വേണ്ടി സ്വാർത്ഥപരങ്ങളായ താൽപര്യങ്ങളാൽ നീതരായ അവസരവാദികൾ സൃഷ്ടിച്ചതാണ് ഈ വ്യക്തിഗതമായ ഉടമസ്ഥത. ഈ വിശ്വമണ്ഡലത്തിലെ സമ്പത്തശേഷവും സമസ്ത ജീവികൾക്കും പരമ്പരാഗതമാണെന്നിരിക്കെ, ഒരുപിടി ഭക്ഷ്യധാന്യത്തിനുവേണ്ടി ചിലർ മൃത്യുവിനിരയാകുമ്പോൾ, മറ്റു ചിലരിലേക്കു വിപുലമായ സ്വത്തിന്റെ ഒരു മിതപ്രവാഹംതന്നെയുണ്ടാക്കുന്ന ഈ വ്യവസ്ഥിതി ഏതെങ്കിലും തരത്തിൽ ന്യായീകരി

ക്കാനാകുമോ? ഒരു കൂട്ടു കുടുംബത്തിനൊന്നായുള്ള സാമ്പത്തിക വരുമാനമനുസരിച്ച് അതിലെ ഓരോ അംഗത്തിനും ആവശ്യമായ ആഹാരം, വസ്ത്രം, വിദ്യാഭ്യാസം, വൈദ്യസഹായം, മറ്റു സുഖ സൗകര്യങ്ങൾ എന്നിവയെല്ലാം ലഭ്യമാകുന്നു. എന്നിരുന്നാലും ഏതെങ്കിലും ഒരു കുടുംബാംഗം തനിക്കാവശ്യമുള്ളതിൽ കവിഞ്ഞ് ധാന്യങ്ങളോ, വസ്ത്രങ്ങളോ കൈവശപ്പെടുത്താൻ തുടങ്ങിയാൽ അത് , ആ കുടുംബത്തിലെ മറ്റംഗങ്ങൾക്കുദുരവസ്ഥയുളവാക്കുകയില്ലേ? അങ്ങനെയൊരു പരിതസ്ഥിതിയിൽ അയാളുടെ പ്രവൃത്തി നിശ്ചയമായും ധാർമ്മികനീതിക്ക് നിരക്കാത്തതാവും. ഒരു കുടുംബത്തിൽ ഓരോ അംഗത്തിനും ആവശ്യമനുസരിച്ച് ഭക്ഷണം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം മറ്റു സുഖ സൗകര്യങ്ങൾ എന്നിവ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയനുസരിച്ച്ചെയ്യാനാവും. എന്നാൽ ഒരംഗം ഈനിയമത്തിനു വിരുദ്ധമായി ഭക്ഷണവും വസ്ത്രവും മറ്റു സുഖ സൗകര്യങ്ങളും അമിതമായി അനുഭവിക്കുകയും സൂക്ഷിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തി, കുടുംബ ഭദ്രതക്കെതിരാവുന്നു. അയാൾ ധർമ്മത്തിനെതിരെ പ്രവർത്തിക്കുന്നു. ഇതേവിധത്തിൽ സുസ്പഷ്ടമായ ഒരു വസ്തുതയാണ് ആധുനിക ലോകത്തിലെ മുതലാളിമാർ അസന്മാർഗ്ഗികളും സാമൂഹ്യ വിരുദ്ധരുമായിരിക്കുന്നു എന്നുള്ളത്. സ്വഗൃഹങ്ങളിൽ ഉപര്യുപരി സംഭരിച്ചുകൂട്ടുവാൻ അവർ അന്യരെ പട്ടിണിക്കിട്ട് ദണ്ഡിപ്പിക്കുന്നു. തങ്ങളുടെ

വേഷ ഭൂഷകളുടെ സമ്മോഹത്വം പ്രദർശിപ്പിക്കാനായി അവർ അന്യരെ ജീർണ്ണവസ്ത്രം ധരിക്കാൻ നിർബന്ധി തരാക്കുന്നു. യഥാർത്ഥത്തിൽ അവർ സ്വന്തം ജീവിത സൗകര്യങ്ങൾ സമൃദ്ധമാക്കാൻ മറ്റുള്ളവരുടെ പ്രാണ രസം തന്നെ ഊറ്റിക്കുടിക്കുന്നു.

മറ്റംഗങ്ങളോട് ഒരേകീഭാവമില്ലെങ്കിൽ, സംയുക്താധി കാരങ്ങളുടെ നീതിപരമായ യാഥാർത്ഥ്യവും ഉന്നതാ ദർശങ്ങളും സ്വീകരിക്കാൻ താൽപര്യമില്ലെങ്കിൽ, ഒരു കുടുംബാംഗത്തെ ഒരു സാമൂഹ്യ ജീവിയെന്നു വിളിച്ചു കൂടാ. ഭൗതികവും ആദ്ധ്യാത്മികവുമായ ആദർശങ്ങളെ അനുവർത്തിക്കുന്ന ഒരുത്തർക്കും വ്യക്തിഗതമായ സ്വേച്ഛാപ്രഭുത്വ വ്യവസ്ഥിതിയാണ് നല്ലതെന്ന് അംഗീക രിക്കാനാവില്ല. തന്മൂലം മുതലാളിത്തവ്യവസ്ഥിതിയെ പിൻതുണക്കാനുമാവില്ല.

**2**

പൊതുവെ പറഞ്ഞാൽ ജീവജാലങ്ങളുടെ പൊതു താൽപര്യം പരിഗണിച്ച് അവരുടെ ശ്രേയസ്സിനു മുതലാ ളിത്ത വ്യവസ്ഥിതി അവസാനിക്കുകതന്നെവേണം. എന്നാൽ ഇതവസാനിപ്പിക്കാൻ എന്തു മാർഗ്ഗങ്ങളും ഉപായങ്ങളുമാണ് യഥാർത്ഥത്തിൽ സ്വീകരിക്കേണ്ടത്? അക്രമം അക്രമത്തെ സംജാതമാക്കുമെന്നുള്ള വസ്തുത നിഷേധിക്കാനാവില്ല. ഹിംസാരഹിതവും സംശോധനാ ത്മകവുമായ ബലപ്രയോഗം സർവ്വദാഫലപ്രദമാണെന്നു റപ്പില്ല. ഈ ഉദ്ദേശപ്രാപ്തിക്കു പിന്നെ നാം എന്തു ചെയ്യണം? മാനവീയമായ അഭ്യർത്ഥനകൊണ്ടു മുതലാ

ളിമാരെ സദാദർശങ്ങൾ മനസ്സിലാക്കി മുതലാളിത്ത ത്തിന്റെ ഉന്മൂലനാശം സാധിക്കാമെങ്കിൽ അത്രയും നന്നല്ല മറ്റൊന്നും. എന്തെന്നാൽ അങ്ങനെ ഒരവസ്ഥ യിൽ ഈ വിപുലമായ തറവാടിന്റെ സമാധാനം അൽപവും ഭഞ്ജിക്കപ്പെടുകയില്ല. പക്ഷെ ഈ അഭ്യർത്ഥനയ്ക്ക് എല്ലാ വശങ്ങളിൽ നിന്നും അനുകൂലാ ഭിപ്രായം ലഭിക്കുമെന്നുറപ്പു നൽകാനാകുമോ? ആത്മീ യവും മാനസികവുമായ സമുചിതോപദേശങ്ങൾ ദീർഘ കാലം ശ്രദ്ധിക്കയോ അനുവർത്തിക്കയോ ചെയ്യുന്ന പക്ഷം ചൂഷകരുടെ ഇടയിൽപോലും സൽബുദ്ധി പ്രച രിക്കുമെന്ന് ഒരുവന പറയാനാകും. ഇതു തീർച്ചയായും ശ്രവണമധുരമായിരിക്കുന്നു. അപലപനീയമല്ലതാനും. പക്ഷെ എത്രകാലംകൊണ്ടാണ് ചൂഷകരുടെ ഇടയിൽ സൽബുദ്ധിവ്യക്തമാക്കുന്നത്? ഇതിനായി ഒരനിശ്ചിത കാലത്തോളം നമുക്ക് കാത്തിരിക്കാൻ വയ്യ. എന്തെ ന്നാൽ അപ്പോഴേക്കും ചൂഷണത്തിനിരയായ പൊതുജനം ജീവൻ വെടിഞ്ഞുകഴിയും.

മനുഷ്യമഹത്വത്തെ നിലനിർത്തിയുള്ള ഈ സമീപ നരീതി ചില മണ്ഡലങ്ങളിൽ വിജയം പ്രാപിക്കുമെങ്കി ലും, അതു സാരവത്തായ യാതൊരു പ്രയോജനവും ഉള വാക്കുന്നില്ല. അഥവാ ആദർശങ്ങൾ ഫലപ്രാപ്തിയിലെ ത്താൻ ദീർഘകാലം വേണ്ടിവരുന്നു. അതിനാൽ എല്ലാ പ്രമുഖ മണ്ഡലങ്ങളിലും മുതലാളിത്തത്തെ ശക്തി പൂർവ്വം എതിർക്കുകയും, അതിന്റെ അടങ്ങാത്ത മോഹാ വേശം ത്യജിക്കാൻ ബലം പ്രയോഗിക്കയും വേണ്ടിവരും

ഇതു തീർച്ചയായും ആശിച്ച ഫലം നൽകും. പക്ഷെ, അപ്പോഴും സമ്പൂർണ്ണ ലക്ഷ്യം സാക്ഷാൽകൃതമാകും എന്നു പറയാനാവില്ല. എന്തെന്നാൽ നിയമത്തെ ഭയന്നു നിയന്ത്രണാധീനരെന്നു നടിക്കുന്ന പലരും അവരുടെ ഉദ്ദേശപ്രാപ്തിക്ക് ഇതര മാർഗ്ഗങ്ങളെ അവലംബിക്കും. കരിഞ്ചന്ത, മായംചേർക്കൽ തുടങ്ങിയവയെ ഭീഷണിയാലോ, നിയമത്തെ സംബന്ധിച്ച ഭയം ഉത്തേജിപ്പിക്കുന്നതുകൊണ്ടോ തടയാൻ സാദ്ധ്യമല്ല. ഇതു നിരോധിക്കാൻ കർശനമായ നടപടികൾ കൈക്കൊള്ളുകയോ, അല്ലെങ്കിൽ വിപ്ലവാത്മകമായ ഒരവസ്ഥ സൃഷ്ടിച്ച് അതിനെ അടിച്ചമർത്തുകയോ വേണം. ഇമ്മാതിരി സമ്മർദ്ദം-ബലപ്രയോഗം-അവശ്യം സ്വീകരിക്കേണ്ടിവരും. അക്രമരാഹിത്യവും അഹിംസയും ഒന്നാണെന്ന് വിശ്വസിക്കുന്നവർ പരാജിതരാകുകതന്നെ ചെയ്യും. ഈ ലോകത്തിലെ ഒരു പ്രശ്നവും അക്രമരാഹിത്യമെന്ന ഈ ആദർശംമുഖേന പരിഹരിക്കാനാവില്ല.

**3**

മുതലാളിത്തത്തിന്റെ ഓരോ അടിവെയ്പ്പിനേയും തീഷ്ണമായി തള്ളിപ്പറയുന്ന സാധാരണ ജനങ്ങളുടെ മനോഭാവത്തെ പിൻതാങ്ങാൻ എനിക്കു സാദ്ധ്യമല്ല. എന്തെന്നാൽ അതു മുതലാളിപ്രഭുക്കളെ കരുതലുള്ളവരാക്കുകയും, അവർ ജനങ്ങളെ ചൂഷണംചെയ്യാൻ കൂടുതൽ ശാസ്ത്രീയവും കുത്സിതവുമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യും. മുതലാളിത്തത്തെ നശിപ്പിക്കാൻ മധുരവചനങ്ങളോ ഭീഷണിയോ യുക്തമായ

സമ്മർദ്ദമോ മറ്റേതെങ്കിലും ഉപായങ്ങളോ ജനങ്ങൾ പ്രയോഗിച്ചെന്നുവരാം. പക്ഷെ നിർമ്മാണാത്മകമായ ഒരാദർശം അവരുടെ മുമ്പിലില്ലെങ്കിൽ, വിജയം പ്രാപിക്കാനവർക്കു സാദ്ധ്യമല്ലെന്നുള്ളതു സുനിശ്ചിതമത്രേ.

ഇവിടെ ശക്തി പ്രയോഗിക്കാതിരിക്കുന്നതാണ് അഹിംസ എന്ന ചിന്ത പരാജയമാണ്. പ്രശ്നപരിഹാരത്തിന് ഇത്തരം അഹിംസയല്ല ആവശ്യം. മുതലാളിത്തത്തെ എല്ലാ അവസരത്തിലും തള്ളിപ്പറയുന്ന രീതിയെ എനിക്ക് അനുകൂലിക്കാനാവില്ല. അപ്പോൾ അവർ സമുഹത്തെ ചൂഷണം ചെയ്യാൻ മറ്റുപാധികൾ സ്വീകരിക്കും. ക്രിയാത്മകതത്വശാസ്ത്രമില്ലാതെ മുതലാളിത്തത്തെ നശിപ്പിക്കാനാവില്ല. മധുരവാക്കുകൾ പറയുകയും സമ്മർദ്ദം ചെലുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കും.

**4**

അന്യരെ ചൂഷണം ചെയ്തു ധനികനാകാനുള്ള ആഗ്രഹം ഒരുതരം മാനസികരോഗമാണ്. മാനസികവും ആത്മീയവുമായ സമ്പത്തിലേക്കു നയിക്കുന്ന ശരിയായ മാർഗ്ഗം കണ്ടെത്തിയില്ലെങ്കിൽ, മനുഷ്യാത്മാവിന്റെ അനന്തമായ അത്യാഗ്രഹം ഈ ഭൗതിക ജീവിതത്തിനാവശ്യമുള്ളതിൽ കവിഞ്ഞ വിഭവങ്ങൾ മറ്റുള്ളവരിൽ നിന്ന് കൊള്ളയടിച്ച് അവരുടെ അവകാശം കവരുന്നരീതിയിൽ വ്യാപരിക്കാൻ തുടങ്ങും. ഒരു സംയുക്ത കുടുംബത്തിലെ ഏതെങ്കിലും ഒരംഗം ഭക്ഷ്യസംഭരണ കേന്ദ്രത്തിൽ നിന്നും മാനസികമോ ശാരീരികമോ ആയ ബലം

പ്രയോഗിച്ച് ഭക്ഷ്യപദാർത്ഥങ്ങൾ തട്ടിയെടുക്കാൻ തുടങ്ങിയാൽ അയാൾ തീർച്ചയായും മറ്റുള്ളവരുടെ യാതനയ്ക്ക് ഹേതുവായിത്തീരുന്നു. ഇതുപോലെതന്നെയാണ് ഒരു മുതലാളി ഞങ്ങൾ ബുദ്ധികൊണ്ടും പരിശ്രമംകൊണ്ടുമാണ് ധനം നേടിയത്. മറ്റുള്ളവർക്കും മാനസികവും ശാരീരികവുമായ കഴികുളുണ്ടെങ്കിൽ സമ്പാദിച്ചുകൊള്ളട്ടെ . ആർക്കാണതിന് വിരോധം? എന്നുപറയുന്നതും. ഉപഭോഗദ്രവ്യങ്ങളുടെ പരിമാണം പരിമിതമായിരിക്കെ, ആവശ്യം എല്ലാവർക്കും ഉള്ളതാണെന്നു മനസ്സിലാക്കാൻ അവർ തുനിയുന്നില്ല. മിക്കമേഖലകളിലും ഒരു വ്യക്തിയുടെ കാര്യത്തിലുണ്ടാകുന്ന സമൃദ്ധി അന്യരുടെ ഒരു നേരത്തെ ആഹാരം കുറയ്ക്കാനാണിടയാക്കുന്നുണ്ട്. സകലർക്കും പൊതുവായുള്ള ഈ ആവശ്യം മനസ്സിലാക്കാതിരിക്കുന്നത് ഒരു മാനസികരോഗം തന്നെയാണ്.

ഈ വ്യാധി പിടിപെട്ട ആളുകളും ഈ വിശാലമായ മാനവകുടുംബത്തിലെ അംഗങ്ങളാണ്. അവരും നമ്മുടെ സഹോദരന്മാർതന്നെ. അതുകൊണ്ട് മാനവീയമായ നിവേദനത്താലോ, പരിസരങ്ങളിൽ നിന്നേൽപ്പിക്കുന്ന സമ്മർദ്ദത്താലോ അവരേയും ഈ രോഗത്തിൽ നിന്നു മോചിപ്പിക്കണം. അവരുടെ വിനാശത്തെപ്പറ്റി ചിന്തിക്കുന്നതുപോലും മഹാപാപമാണ്.

**5**

പ്രകൃത്യാതന്നെ സ്വാർത്ഥന്മാരായ ആളുകളുടെ സ്വഭാവവും ഭീഷണിയോ പരിതസ്ഥിതികളുടെ സമ്മർദ്ദ

ശക്തിയോ അറ്റ കൈയായുപയോഗിച്ചു നന്നാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു പറയാനാകുമോ? അതുമാത്രമല്ല, ഓരോ നിമിഷവും ഒരു പ്രതിവിപ്ലവം പൊട്ടിപ്പുറപ്പെടുവിക്കാൻ അനുയോജ്യമായ അവസരം അവർ നോക്കിയിരിക്കും. ചൂഷണത്തിനെതിരെ പൊതു ജനങ്ങളെ പരിരക്ഷിക്കാൻ തൽക്കാല പരിഹാരമായി അനുയോജ്യമായ ഒരവസ്ഥാവിശേഷം നമുക്കു സൃഷ്ടിക്കേണ്ടിവരും. (അധികാര സമ്മർദ്ദം) ക്ഷുദ്രരോഗ പീഡിതരായ ഈ ഭീമാകാരന്മാരുടെ സ്വഭാവപരിവർത്തനത്തിനു മാനസികവും ആത്മീയവുമായ പ്രതിവിധികൾകുറെകാലം നാം ചെയ്യേണ്ടിയിരിക്കും. മാനസികവും ആത്മീയവുമായ ചികിത്സകൾകൊണ്ടു തങ്ങളുടെ സ്വഭാവം നന്നാക്കുന്നതിന എത്രകാലം വേണെങ്കിലും കാത്തിരിക്കാൻ മാനവരാശി സന്നദ്ധമാണ്. എന്തെന്നാൽ അതിനിടയിൽ അവരുടെ വിഷപ്പല്ലു തനിയെ പറഞ്ഞുപോകുമെന്നുമാത്രമല്ല, പരിതസ്ഥിതികൾ ഏൽപ്പിക്കുന്ന സമ്മർദ്ദം കൊണ്ടു ചൂഷണം ചെയ്യാനുള്ള കഴിവും നഷ്ടപ്പെട്ടു കഴിയും.

**6**

ജാതിചിന്തയാണ് നീണ്ടുനിൽക്കുന്ന സ്വാർത്ഥമനോഭാവത്തിന്റെ മറ്റൊരാവിഷ്ക്കരണം. തങ്ങളുടെ കാപട്യത്തിന്റെ പ്രഭാവത്താൽ ഒരു കാലത്ത് മറ്റുള്ളവരുടെ മേൽ അധികാരം സ്ഥാപിച്ച ഒരു കുടുംബത്തിന്റെ പാരമ്പര്യം അവകാശപ്പെട്ടുകൊണ്ട് ഇന്നും ഒരു വിഭാഗം ജനങ്ങൾ തങ്ങളുടെ അന്തസ്സു പരിപാലിക്കാനും, യാതൊരു

കൂസലുമില്ലാതെ തരം നോക്കി ചൂഷണം ചെയ്യാനുമാശിക്കുന്നു.

**7**

ഈ ലോകത്തിലെ ഒരൊറ്റജിവിയെപ്പോലും അവഗണിക്കാനോ, ഇതിലെ ഏതെങ്കിലും ഒരു പ്രത്യേകഭാഗത്തെ ഗൌനിക്കാതിരിക്കാനോ നമുക്കു വയ്യ. അതുകൊണ്ടു വ്യവസായത്തിന്റെ നടത്തിപ്പിൽ വികേന്ദ്രീകരണനയം (ജീഹശര്യ ീള ഉലരലിൃേമഹശമെശേീി) അനുവർത്തിക്കുന്നത് അഭിലഷണീയമായിരിക്കും. ലോകത്തിന്റെ ഒരു ഭാഗത്തുണ്ടാകുന്ന വ്യവസായ പുരോഗതികൊണ്ടു മറ്റേതെങ്കിലും ഭാഗത്തുള്ള ദാരിദ്ര്യമോ തൊഴിലില്ലായ്മയോ പരിഹരിക്കാനാവില്ല. അതിനാൽ കൃഷി, ജീവിത നിർവ്വഹണത്തിന അത്യന്താപേക്ഷിതമായ പദാർത്ഥങ്ങളുണ്ടാക്കുന്ന വ്യവസായം എന്നിവയുടെ കാര്യത്തിലെങ്കിലും സ്വയം പര്യാപ്തകേന്ദ്രങ്ങൾ ഒന്നൊന്നായി രൂപവൽക്കരിക്കേണ്ടത് അഭികാമ്യമത്രേ. അല്ലാത്തപക്ഷം യുദ്ധകാലത്തും മറ്റസാധാരണ പരിതസ്ഥിതികളിലും ജനങ്ങൾ അതികഠിനമായ ക്ലേശങ്ങളും ദുരിതവും അഭിമുഖീകരിക്കേണ്ടിവരും. ഗതാഗത സൗകര്യങ്ങളുടെ വികസനം കൊണ്ട് ഈ യൂണിറ്റുകളുടെ പ്രവർത്തനമണ്ഡലം വിപുലമാക്കാൻ നമുക്കു കഴിയും.

**8**

വ്യവസായരംഗത്തു ചെറുകിട വ്യവസായങ്ങളുടെയും വൻകിട വ്യവസായങ്ങളുടെയും ആവശ്യകത നാം അംഗീകരിക്കേണ്ടതുണ്ട്. ഉദാഹരണമായി ഒരു

സ്വയം പര്യാപ്ത കേന്ദ്രത്തിൽ അനേകം വലിയ നൂൽവ്യവസായ ശാലകളിൽ നിന്നും വൻ തോതിൽ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിനാവശ്യമുള്ളിട ത്തോളം നൂൽ ഉൽപ്പാദിപ്പിക്കാം. ഈ മണ്ഡലത്തിൽ നൂലിന്റെ ഉൽപ്പാദനം ഒരു വൻകിട വ്യവസായത്തിന്റെ വ്യാപ്തിയിൽ ആയിരുന്നുവെങ്കിൽ അതിന്റെ സഹകര ണത്തോടുകൂടി അതിനെ ആശ്രയിച്ചു നിൽക്കുന്ന അനേകം വ്യവസായങ്ങളും അഭിവൃദ്ധിപ്പെടും. ഓരോ നൂൽനൂൽപ്പും യന്ത്രവും കേന്ദ്രമാക്കി ആവശ്യമുള്ളിട ത്തോളം നെയ്ത്തുകാരുടെ സഹകരണകേന്ദ്രങ്ങൾ നമുക്ക് രൂപീകരിക്കാം. അങ്ങനെ വരുമ്പോൾ സ്വഗൃഹ ങ്ങളിലിരുന്ന് വസ്ത്രം നെയ്യാനുള്ള ശോഭനാവസരം നെയ്ത്തുകാർക്കും ലഭിക്കും. അകലെയുള്ള ഒരു വൻകിട വ്യവസായശാലയിൽ തൊഴിൽ ലഭിച്ചാലും അവർക്കൊരിക്കലും സ്വഗൃഹം വിട്ടു പോകേണ്ടിവരില്ല. നെയ്ത്തുയന്ത്രങ്ങൾ എപ്പോഴും അടുത്തുതന്നെയുള്ള തുകൊണ്ട് യുദ്ധകാലത്തുപോലും നെയ്ത്തു വ്യവസാ യത്തിന ഒരു കോട്ടവും തട്ടുകയുമില്ല. വൻകിട ചെറു കിട വ്യവസായങ്ങളെ നിലനിർത്തുക എന്നതിനു പുരാ തന യന്ത്രോപകരണത്തിന്റെ പ്രോത്സാഹനം എന്നർത്ഥ മില്ല. ശാസ്ത്രത്തിന്റെ പുരോഗതിയോടുകൂടി ഏറ്റവും നൂതനമായ യന്ത്രങ്ങൾ ഉപയോഗിക്കേണ്ടിവരും. ശർക്ക രയുടെ മാഹാത്മ്യം വിജ്ഞാപനംചെയ്തു പഞ്ചസാര യുടെ ഉപയോഗം തടയുവാനുള്ള ഉദ്യമമോ, ഖാദിവസ്ത്രങ്ങളുടെ മഹത്വം ആലപിച്ച് മിൽത്തുണിക

ളോടു മത്സരിക്കാനുള്ള ഒരു സമാരംഭമോ തുടങ്ങുന്ന തിൽ ഒരർത്ഥവുമില്ല. എന്നാൽ പുരോഗമനപരമായ യന്ത്രവൽക്കരണവും ശാസ്ത്രീയമായ വികേന്ദ്രീകര ണവും ഏർപ്പെടുത്തുന്നതുവരെ ശർക്കര, ഖാദി അതു പോലുള്ള മറ്റു സാധനങ്ങൾ എന്നിവയെ നാം പ്രോത്സാ ഹിപ്പിക്കണം. ഗ്രാമീണ സമ്പദ് വ്യവസ്ഥയിലും ഇതിന് ഉചിതമായ സ്ഥാനം നൽകണം. ലാഭമുണ്ടാക്കാനുള്ള ഉദ്ദേശത്തോടുകൂടി വ്യവസായം നിലനിന്നുപോരുന്ന സ്ഥലങ്ങളിൽ വകേന്ദ്രീകരണത്തിനു പിൻതുണ ലഭിക്കു കയില്ല. എന്നാൽ ആവശ്യകതയാണുദ്ദേശിക്കുന്നതെ ങ്കിൽ ആ സ്ഥലങ്ങളിൽ അതിനെതിരായി ആർക്കും ഒന്നും പറയാനും ഉണ്ടായിരിക്കയില്ല.

**9**

പരമാർത്ഥത്തിൽ പുരോഗമന മാതൃകയിലുള്ള ശാസ്ത്രീയമായ യന്ത്രങ്ങളുടെ ഉപയോഗം എന്നതിനു ദ്രുതഗതിയിലുള്ള യാന്ത്രീകരണം എന്നാണർത്ഥം. ഈ യന്ത്രവൽക്കരണത്തിനെതിരെ യാഥാസ്ഥിതികർ വളരെ ഒച്ചപ്പാടുണ്ടാക്കുന്നു. മുതലാളിത്ത ചട്ടക്കൂട്ടിനുള്ളിലുള്ള യന്ത്രവൽക്കരണം എന്നുപറഞ്ഞാൽ, യഥാർത്ഥത്തിൽ സാധാരണ ജനങ്ങൾക്ക് കൂടുതൽ യാതനയും തൊഴിലി ല്ലായ്മയും ഉണ്ടാക്കുക എന്നാണർത്ഥമാക്കുന്നത്. യഥാ സ്ഥിതിക സങ്കേതത്തിൽ നിന്ന് എതിർപ്പുണ്ടാക്കുന്ന തിന് ഇതാണുകാരണം. പൊതുജനക്ഷേമാർത്ഥം ഉപ യോഗിക്കുന്ന മുതലാളിത്തത്തിന് യാതൊരു കോട്ടവും വരുത്താത്ത യന്ത്രവൽക്കരണം എതിർക്കപ്പെടുകതന്നെ

വേണം. എന്തെന്നാൽ ഒരു യന്ത്രത്തിന്റെ സഹായ ത്താൽ ആദായം ഇരട്ടിയായി വർദ്ധിക്കുമ്പോൾ കൂലി ക്കാരുടെ ആവശ്യകത പകുതിയായി കുറയും, അതനു സരിച്ച് മുതലാളിമാർ വേലക്കാരുടെ എണ്ണം നിർദ്ദയം വെട്ടിക്കുറയ്ക്കുയും ചെയ്യും.

സംഘടിത സമ്പദ് വ്യവസ്ഥയുടെ കീഴിലുള്ള ശാസ്ത്രത്തിന്റെ സമുചിതമായ വിനിയോഗംകൊണ്ടു ജനക്ഷേമം കൈവരികയേയുള്ളൂ. യന്ത്രവൽക്കണ ത്താൽ ഒരാൾക്കും ഒരാഴ്ചയിൽ അഞ്ചു മിനിറ്റിൽ കൂടു തൽ ജോലിചെയ്യേണ്ടതില്ലെന്നുവരാനിടയായേക്കാം, ഭക്ഷ്യധാന്യങ്ങളേയും വസ്ത്രങ്ങളേയും കുറിച്ചുള്ള ഉൽകണ്ഠയിൽ സദാ മുഴുകേണ്ടിവരാത്തതുകൊണ്ട് അവരുടെ മാനസികവും ആത്മീയവുമായ സമ്പത്തു ദുർവ്വിനിയോഗം ചെയ്യേണ്ടിവരുന്നില്ല. കായിക വിനോദ ങ്ങൾക്കും, സാഹിത്യ ചർച്ചകൾക്കും, അദ്ധ്യാത്മികാനു ഷ്ഠാനങ്ങൾക്കും കൂടുതൽ സമയം വിനിയോഗിക്കാന വർക്കു കഴിയും.

10

തൊഴിലാളികളുടെ താൽപര്യങ്ങളെ സുരക്ഷിതമാ ക്കാൻ ട്രയിഡു യൂണിയൻ പ്രവർത്തനം അവശ്യം ആവ ശ്യമാണ്. അത് അവഗണിക്കാനാവില്ല. ശരിയായ മാർഗ്ഗ ത്തിൽകൂടി ഈ പ്രവർത്തനത്തിന്റെ ഗതി തുടരുവാൻ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഇതിന്റെ നേതാക്കൾ തൊഴിലാളികളുടെ ആവശ്യങ്ങ ളേയും അവകാശങ്ങളേയും പറ്റിയുള്ള ബോധം അവരി

ലുണ്ടാക്കാൻ ശ്രമിക്കുന്നത്ര ശുഷ്ക്കാന്തിയോടു കൂടി അവരിൽ തങ്ങളുടെ കർത്തവ്യത്തെപ്പറ്റിയുള്ള ബോധമുണ്ടാക്കാൻ ശ്രമിക്കുന്നില്ലെന്നാണു സാധാരണ കണ്ടുവരുന്നത്. ഈ പൊരുത്തക്കുറവു പരിഹരിക്കാനുള്ള ഉത്തമ മാർഗ്ഗം വ്യവസായ ഭരണത്തിലും പഞ്ചായത്തുരാജിലും തൊഴിലാളികളുടെ അവകാശം വ്യക്തമായി അംഗീകരിക്കുകയത്രേ.

ഇതിലേക്കു കേവലം ആദർശപ്രചരണമോ ധർമ്മോപദേശപരമായ കുറെ പ്രബോധനങ്ങളോകൊണ്ടു വലിയ പ്രയോജനമില്ല. സാധാരണ ട്രയിഡ് യൂണിയൻ പ്രവർത്തനങ്ങളിൽ മറ്റൊരു വലിയ ന്യൂനതയുണ്ട്. അതായത് അതിന്റെ നേതൃത്വം നിലനിൽക്കുന്നതു തൊഴിലാളികളുടെ കരങ്ങളിലല്ല. പാർട്ടികളുടെ താൽപര്യങ്ങൾ ഉള്ളിലൊതുക്കിക്കൊണ്ട് രാഷ്ട്രീയ നേതാക്കൾ സദാ അനാവശ്യമായി അതിലിടപെടുന്നു. അവരുടെ ലക്ഷ്യം എപ്പോഴും സ്വന്തം പാർട്ടികളുടെ താൽപര്യങ്ങൾ സാധിക്കുവാനായിരിക്കും. അല്ലാതെ തൊഴിലാളികളുടെ ക്ഷേമമല്ല.

**11**

വ്യവസായം, കൃഷി, കച്ചവടം തുടങ്ങി എല്ലാം കഴിയുന്നത്ര സഹകരണ സ്ഥാപനങ്ങൾ മുഖേനവേണം നടത്തുവാൻ. ഇതിലേക്ക് ആ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പ്രത്യേക ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കണം. ഇതിനായി ഒരു രക്ഷാകവചം തന്നെ തയ്യാറേക്കേണ്ടിയിരിക്കും. പ്രത്യേക മാതൃകയിലുള്ള

കൃഷി, വ്യവസായം, വാണിജ്യം എന്നിവയുടെ മേഖലകളിൽ നിന്നും, സാവധാനത്തിൽ വ്യക്തികളുടെ ഉടമസ്ഥതയേയും ഭരണത്തേയും സംബന്ധിച്ച് വ്യവസ്ഥിതിയുടെ ഉന്മൂല നാശവും വരുത്തണം.

തീരെ ചെറുതാകയാലും അവയിൽനിന്നാവിർഭവിക്കാവുന്ന സങ്കീർണ്ണതകളാലും സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന അസൗകര്യമുള്ള പ്രസ്ഥാനങ്ങൾ മാത്രമേ വ്യക്തികളുടെ ഭരണത്തിനു വിട്ടുകൊടുക്കാവൂ. ഇതേവിധത്തിൽ വൈപുല്യമോ സങ്കീർണ്ണതയോ കൊണ്ടു സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തുവാൻ സൗകര്യമില്ലാത്ത സ്ഥാപനങ്ങളുടെ നിയന്ത്രണം സ്റ്റേറ്റു ഗവൺമെന്റിനോ, (സംയുക്ത രാഷ്ട്ര വ്യവസ്ഥയുള്ളിടത്ത്) ദേശീയ ജനസമിതിക്കോ (സംയുക്ത രാഷ്ട്രവ്യവസ്ഥ നടപ്പിൽവരാത്ത സ്ഥലങ്ങളിൽ) എറ്റെടുക്കാം. കേന്ദ്രഗവൺമെന്റോ വിശ്വഗവൺമെന്റോ (വിശ്വഗവണ്മെന്റിന്റെ സ്ഥാപനത്തിനുശേഷം) വ്യവസായം, കൃഷി, വാണിജ്യം എന്നിവയുടെ ഭരണത്തിൽ കൈകടത്തുന്നത് അഭിലഷണീയമല്ല. എന്തെന്നാൽ അപ്പോൾ പ്രത്യക്ഷമായി മാത്രമല്ല, പരോക്ഷമായിട്ടുപോലും പൊതുജനങ്ങളും ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പുമായി സമ്പർക്കത്തിനുള്ള അവസരം നിലച്ചുപോകും. ഇക്കാരണത്താൽ അവസരവാദികൾക്കും മുതലാളികൾക്കും സ്വാർത്ഥമതികളായ ഭരണ തന്ത്രജ്ഞന്മാർക്കും അനായാസേന അവയെ കൈവശപ്പെടു

ത്താൻ കഴിയും. ഇതു പൊതുജനങ്ങളുടെ സമ്പത്തുദു രുപയോഗപ്പെടുത്താനിടയാക്കുന്നു.

12

മനുഷ്യന്റെ ഓരോ കർമ്മവും ദീനാനുകമ്പയാൽ പരിപാവനമായിരിക്കേണ്ടതു കേവലം ന്യായം മാത്രമാണ്. മറ്റുള്ളവരിൽനിന്നും അപഹരിച്ചെടുക്കണമെന്നു താൽപര്യമില്ലാത്തവർക്ക് ധനത്തിന്റെ വ്യക്തിപരമായ ഉടമസ്ഥാവകാശങ്ങൾ സാന്മാർഗ്ഗീകവും നീതിപരവും ആണെന്നംഗീകരിക്കാൻ സാദ്ധ്യമല്ല. ഇന്നത്തെ ലോകത്തിലെ സമ്പദ് വ്യവസ്ഥ എന്തുതന്നെയായിരിക്കട്ടെ, അത് മാനവീയാവകാശങ്ങളുടെ തത്വങ്ങളെ ആധാരമാക്കുന്നില്ല. മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്നതു മൂലം വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്കു നാം സന്നദ്ധരായിരിക്കുകയും അതിനെ നാം സ്വാഗതം ചെയ്യുകയും വേണം. ഭൂമി, വ്യവസായം, വാണിജ്യം എന്നിവ സ്ഥിതി സമത്വ വ്യവസ്ഥിതിയിലാക്കുന്നത് ഈ വിപ്ലവത്തിന്റെ മുഖ്യലക്ഷ്യം മാത്രമാണ്.

ഇവിടെ ഈ സന്ദർഭത്തിൽ ദേശസാൽക്കരണം എന്നപദം മന:പൂർവ്വം ഞാനുപയോഗിക്കാത്തതാണ്. ഭൂമിയുടെ ഉടമസ്ഥൻ ജന്മിയല്ല, തൊഴിൽശാല വ്യവസായികളെന്നു പറയപ്പെടുന്നവരുടെ അധീനത്തിലുമല്ല, എന്നീ ആശയങ്ങൾ, നുകം പിടിക്കുന്നവന്റേതാണു ഭൂമി ചുറ്റികകൊണ്ടടിക്കുന്നവന്റേതാണ് തൊഴിൽശാലകൾ എന്നീ മുദ്രാവാക്യങ്ങൾപോലെ യഥാർത്ഥമാണ്. ഈ ലോകത്തിലെ സകല സമ്പത്തുക

ളുടെയും യഥാർത്ഥ അധികാരികൾ സാധാരണ ജനങ്ങളത്രേ. അതുകൊണ്ടാണ് സ്ഥിതിസമത്വം എന്ന പദം ഞാനുപയോഗിച്ചത്.

വ്യക്തിത്വാധികാരത്തിന്റെ നിഷ്ക്കാസനത്തെ പിന്താങ്ങുന്ന ചിലർ കരുതുന്നു, വസ്തുവകകളും തൊഴിൽശാലകളും വാണിജ്യവും ഏറ്റെടുക്കുന്നത് വേണ്ടത്ര നഷ്ടപരിഹാരം നൽകിയിട്ടുവേണമെന്ന്. മറ്റു ചിലരുടെ അഭിപ്രായം ആവക സംരഭങ്ങളുടെ ഉടമസ്ഥരായ മുതലാളിമാർ നാളിതുവരെ അങ്ങേയറ്റം ചൂഷണം ചെയ്തിട്ടുണ്ടെന്നും അതുകൊണ്ടു നഷ്ടപരിഹാരത്തെ സംബന്ധിച്ച പ്രശ്നമേ ഉദിക്കുന്നില്ലെന്നുമാണ് നഷ്ടപരിഹാരസംഖ്യ ദീർഘകാലം തുടർന്നു കൊടുത്തുകൊണ്ടിരുന്നാൽ പൊതുജനങ്ങളുടെ ദ്രുതതരമായ ക്ഷേമം സാദ്ധ്യമല്ലെന്നുള്ളത് ഒരു കയ്പേറിയ സത്യം മാത്രമാണ്. ആകയാൽ മുതലാളിമാരുടെ വസ്തുവഹകൾ വിലയ്ക്കുവാങ്ങുന്ന പ്രമേയം പിന്താങ്ങാൻ നിവൃത്തിയില്ല. എന്നാൽ ഇങ്ങനെയുള്ള വസ്തുവഹകളുടെ ഉടമസ്ഥരിലും പൂർണ്ണാരോഗ്യവും കാര്യശേഷിയും ധന സമൃദ്ധിയും ആസ്വദിക്കാത്ത ചിലരുമുണ്ട്. ഈ വിധമുള്ള ഒരു വസ്തുവിന്റെ ഉടമസ്ഥതത ഒരു നിസ്സഹായയായ വിധവയിലോ ഒരു പടു വൃദ്ധനായ രോഗിയിലോ ആണ് സ്ഥിതി ചെയ്യുന്നതെന്നിരിക്കട്ടെ. അങ്ങനെ ഒരവസ്ഥയിൽ ആ വിധവയ്ക്കോ വൃദ്ധനോ അനുയോജ്യമായ ഒരു അടുത്തൂൺ അനുവദിക്കാനേർപ്പാടുചെയ്യുന്നതു തീർച്ചയായും ന്യായീകരിക്കത്തക്കതുതന്നെ. വസ്തു

വിന്റെ ഉടമസ്ഥൻ പ്രായപൂർത്തിവരാത്ത ഒരാളാണെങ്കിൽ അയാളുടെ ഉപജീവനത്തിനും വിദ്യാഭ്യാസത്തിനും വേണ്ട ഒരു വേതനം തീർച്ചയായും നൽകണം. ഉടമസ്ഥൻ ആരോഗ്യവാനും ബലവാനുമാണെങ്കിലും ഉപജീവനത്തിനു മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെങ്കിൽ, അയാളുടെ ബുദ്ധിശക്തിക്കും കഴിവിനുമനുസരിച്ചു വരുമാനമുണ്ടാക്കുവാനുള്ള ഒരു സമുചിതമായ മാർഗ്ഗം കണ്ടുപിടിക്കണം. ഇതാണു ശരിയായതും മനുഷ്യോചിതവുമായ വ്യവസ്ഥ.

**13**

നാനാപ്രകാരത്തിലുള്ള സാമൂഹ്യദുരാചാരങ്ങൾ കണ്ടു നടുങ്ങുകയും, വിലപിക്കുകയും എല്ലാം പോയി, ധർമ്മം പോയി, നീതിപോയി, സർവ്വവും നശിച്ചു. എന്നിങ്ങനെ വിളിച്ചു പറയുകയും ചെയ്യുന്നവർ, സർവ്വതോമുഖമായ ഈ അപകർഷത്തിന്റെ അനേക കാരണങ്ങളിൽ ഏറ്റവും പ്രധാനം സമുദായത്തിലെ അനീതിയാണെന്ന് മനസ്സിലാക്കുകയും ചെയ്യണം.

സ്ത്രീകൾ അവരുടെ സാമുദായികാധികാരങ്ങൾ സാധൂകരിക്കാൻ വയ്യാത്തവിധം അശക്തരാകുന്നു. എന്നു മാത്രമല്ല, സാമ്പത്തിക നിലപാടിലും അവർ നിസ്സഹായരായി നിലകൊള്ളുന്നു. ഇതാണ് സ്ത്രീവർഗ്ഗത്തിൽ ഒരു വിഭാഗത്തെ വ്യഭിചാരവൃത്തി അവലംബിക്കാൻ നിർബന്ധിതരാക്കുന്നത്. വേശ്യാവൃത്തിക്കിടയാക്കുന്ന അനേകം ഘടകങ്ങൾ വേറെ ഉണ്ടെങ്കിലും ഇവ രണ്ടുമാണ് ഏറ്റവും പ്രധാനം.

ആനന്ദമാർഗ്ഗം പുരുഷന്മാരെപോലെ തന്നെ സ്ത്രീകളേയും ബഹുമാന്യമനുഷ്യജീവികളായി അംഗീകരിച്ചിരിക്കുന്നു. എന്നു മാത്രമല്ല, പുരുഷന്മാരെ ആശ്രയിച്ചു നിൽക്കേണ്ട ആവശ്യം അശേഷം ഉണ്ടാകാതിരിക്കത്തക്കവിധം സർവ്വവിധ പ്രോത്സാഹനവും ആനന്ദമാർഗ്ഗം അവർക്കു നൽകുന്നു. സ്വഭാവ സ്ഥിരതയില്ലാത്ത പുരുഷന്മാർ ഞെളിഞ്ഞു പുറംപൂച്ചും കാണിച്ചു നടക്കുമ്പോൾ, പതിതരായ സ്ത്രീകൾക്ക് നല്ല മനസ്സോടു കൂടി ഒരു നല്ല ജീവിതം നയിക്കാൻ ആത്മാർത്ഥമായ അഭിലാഷമുണ്ടായിട്ടും, അതിന് അനുയോജ്യമായ അവസരങ്ങൾ നിഷേധിക്കുന്നതു നീതീകരിക്കാവുന്നതല്ല.

14

സമുദായത്തിലെ അനീതിയുടെ മറ്റൊരു പ്രത്യക്ഷോദാഹരണമാണു സ്ത്രീധന സമ്പ്രദായം. ഈ സ്ത്രീധന വ്യവസ്ഥയ്ക്കു രണ്ടു പ്രധാന കാരണങ്ങളുള്ളതിൽ ആദ്യത്തേതു സാമ്പത്തികവും രണ്ടാമത്തേത് പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം തമ്മിലുള്ള അനുപാതികമായ അസമത്വവുമാണെന്ന് മാനവസമുദായം എന്ന പുസ്തകത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്. സ്ത്രീകൾ പുരുഷന്മാരെയും, ചില പ്രത്യേകദേശങ്ങളിൽ പുരുഷന്മാർ സ്ത്രീകളെയും സാമ്പത്തികമായി ആശ്രയിക്കേണ്ടിവരുന്ന ഈ സ്ഥിതിവിശേഷത്തിനു കുറവുവരുമ്പോൾ സ്ത്രീധനവ്യവസ്ഥയുടെ കഠോരത ഇന്നത്തെപ്പോലെ നിലനിൽക്കുകയില്ല. ഈ ചുമതലയുടെ ദ്രുതതരമായ സാഫല്യത്തിനു നമ്മുടെ

യുവാക്കന്മാരിലും യുവതികളിലും ഉന്നതാദർശങ്ങൾ വളർത്തേണ്ടതാവശ്യമാണ് ഭക്ഷ്യധാന്യങ്ങൾ, ഉപ്പ്, കന്നുകാലികൾ, എന്നിവയെപോലെ ചന്തയിൽ വിലപേശുവാനുള്ളവരല്ല നമ്മുടെ ബാലികാ ബാലകന്മാർ.

**15**

ഇക്കാലത്ത് ഈ ലോകത്തിൽ സമാധാനത്തിനു വേണ്ടിയുള്ള മുറവിളി ഒരുതരം ഉന്മാദം തന്നെയായിട്ടുണ്ട്. എന്നാൽ ഇമ്മാതിരി ആക്രോശങ്ങൾകൊണ്ട് എന്തെങ്കിലും നേടാൻ കഴിഞ്ഞിട്ടുണ്ടോ? സമാധാനഭഞ്ജനത്തിന്റെ മൂലകാരണത്തോടുതന്നെ ഒരു സമരം തുടങ്ങുക എന്നതല്ലാതെ, അതു സ്ഥാപിക്കുവാൻ മറ്റൊരു പോംവഴിയുമില്ല. ഓരോ മനുഷ്യജീവിയുടെയും വ്യക്തിഗതമായ ജീവിതത്തിൽ സദ്പ്രവണതകളും ദുഷ്പ്രവണതകളും തമ്മിൽ, വിദ്യയും അവിദ്യയും തമ്മിൽ (ആത്മീയ ശക്തിയും ഭൗതിക ശക്തിയും തമ്മിൽ) നിരന്തരസംഘട്ടനം തന്നെ നടക്കുന്നുണ്ട്. ചിലപ്പോൾ വിദ്യ (സദ്പ്രവണത) പരിപൂർണ്ണവിജയം നേടുകയും, മറ്റു ചിലപ്പോൾ അവിദ്യ (ദുഷ്പ്രവണത) വിജയം കൈവരിക്കുകയും ചെയ്യുന്നു. സാമൂഹ്യ ജീവിതത്തിലും വിദ്യയും അവിദ്യയും തമ്മിൽ ഇതേവിധത്തിലുള്ള ഒരു സമരം നടന്നുകൊണ്ടിരിക്കയാണ്. വിദ്യയ്ക്ക് അവിദ്യയോടു പടവെട്ടണം. ഈ പോരാട്ടത്തിൽ വിദ്യവിജയിയായിരിക്കുന്നിടത്തോളം കാലം സാത്വിക ശാന്തി എന്നുപറയപ്പെടാവുന്ന ഒരു പ്രത്യേകതരത്തിലുള്ള സമാധാനമുണ്ടായിരിക്കും. അതുപോലെ ഈ പടവെട്ട

ലിൽ അവിദ്യ വിജയ ശ്രീലാളിതമായിരിക്കുമ്പോൾ താമസികശാന്തി എന്നു വിവേചിക്കാവുന്ന ഒരു പ്രത്യേകതരം അശാന്തി പ്രകടമായി കാണാം. ഇങ്ങനെ സമാധാനമെന്നത് ഒരു  അപേക്ഷിക സത്യമാണെന്നു നാം കാണുന്നു. പരമശാന്തി–നിത്യശാന്തി–എന്നതു സാമൂഹ്യ ജീവിത്തിൽ വ്യവസ്ഥാപിക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ ഈ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിലുള്ള സഞ്ചര പ്രതിസഞ്ചരക്രിയകൾക്കു ദ്വിമുഖമായ പ്രവ്രർത്തനങ്ങളാണുള്ളത്. ആദ്യത്തേതു വിദ്യാപ്രധാനവും രണ്ടാമത്തേത് അവിദ്യാപ്രധാനവുമാണ്. ഇവ രണ്ടിന്റെയും നിലനിൽപ്പിനെ ആശ്രയിച്ചാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നതെങ്കിൽ ഒരു സ്ഥിരമായ ശാന്തി (സ്ഥായിയായ താമസീ ശാന്തിയോ സാതികശാന്തിയോ അവസരോചിതമായി)  ഈ ജഗത്തിലുണ്ടെന്നു പറഞ്ഞാൽ വിദ്യയുടേയോ അവിദ്യയുടേയോ അഥവാ രണ്ടിന്റേയുമോ പ്രവർത്തനങ്ങളുടെ വിരാമം എന്നർത്ഥംവരും. അതിനാലാണ് യുക്തിപൂർവ്വം സങ്കൽപ്പിക്കാനാവാത്ത പരിപൂർണ്ണവിനാശത്തിൽ അഥവാ പ്രളയത്തിൽ അല്ലാതെ സാമൂഹ്യ ശന്തി ഉണ്ടാകയില്ലെന്ന് അംഗീകരിക്കേണ്ടിവരുന്നത്. എന്നിരുന്നാലും ഒരു വ്യക്തിക്കു സാധന മൂലം നിശ്ചയമായും പരമശാന്തി നേടാം. സാമൂഹ്യ വീക്ഷണ കോടിയിൽ, അതു വ്യക്തിഗതമായ ജീവിതത്തിന്റെ അന്ത്യമായി ഞാൻ പരിഗണിക്കും. സർക്കാർ ജീവനക്കാർ സുശക്തരായിരിക്കുന്നിടത്തോളം കാലം സാമൂഹ്യവിരുദ്ധമായ താമസിക ബീജങ്ങൾ അടിച്ച

മർത്തപ്പെടുന്നു. ഈ കാലഘട്ടത്തിൽ രാജ്യം സാത്വിക ശാന്തി എന്നു പറയപ്പെടുന്ന ഒരു പ്രത്യേകതരം ശാന്തി അനുഭവിക്കുന്നു. ഗവൺമെന്റ് ജീവനക്കാർ ബലഹീനരായിത്തീരുമ്പോൾ അധമന്മാർ രാജ്യത്ത് അധികാരം സ്ഥാപിക്കുന്നു. മഹത്തുക്കൾ (സൽപുരുഷന്മാർ) ആകട്ടെ നമ്രശിരസ്ക്കരായി നിലകൊള്ളുന്നു. ഈ സ്ഥിതി വിശേഷവും ഒരു പ്രത്യേകമാതിരിയിലുള്ള ശാന്തിയിലുൾപ്പെടും. ഇതിനു താമസിക ശാന്തി എന്നു പറയാം. ഈ താമസീക ശാന്തി തീർച്ചയായും അഭികാമ്യമല്ലതന്നെ. ഒരു പ്രത്യേകദേശത്തുള്ള ഏതെങ്കിലും ഒരു വർഗ്ഗം ജനങ്ങൾ, അതേ ദേശത്തോ മറ്റൊരു ദേശത്തോ ഉള്ള വേറൊരു വർഗ്ഗക്കാരെ ഉപദ്രവിക്കയോ അക്രമിക്കയോ ചെയ്യുന്നു എന്നിരിക്കട്ടെ. അങ്ങനെ ഒരു പരിതസ്ഥിതിയിൽ മറ്റെല്ലാ മനുഷ്യവർഗ്ഗവും കേവലം ദൃക്സാക്ഷികളായിമാത്രം ഈ രംഗം നോക്കി നിൽക്കുകയോ, അഥവാ ഒത്തുതീർപ്പ്, ശരിയായ കാര്യഗ്രഹണം, സന്ധി എന്നിവയാണ് ഏറ്റവും ഉത്തമമായ പരിഹാരം എന്നൊരു നയം കൈകൊള്ളുകയോ ചെയ്താൽ അവർ താമസീ ശാന്തിയെ പ്രോത്സാഹിപ്പിക്കയല്ലാതെ മറ്റൊന്നുമല്ല ചെയ്യുന്നതെന്നു മനസ്സിലാക്കേണ്ടതാണ്.

ഒരു അയൽക്കാരനുമായി യഥാർത്ഥ സൗഹൃദം ഉണ്ടായിരുന്നാലും, അയാളുടെ ഭാര്യയെ അയാൾ വധിക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമായാൽ ആ സംഗതിയിൽ മറ്റു സമീപവാസികളുടെ കർത്തവ്യം എന്തായിരിക്കും? അതു കേവലം കുടുംബകലഹമെന്നു കരുതി

അവർ മൗനം ദീക്ഷിക്കുകയോ, കൈയും കെട്ടി പുറംതിരിഞ്ഞിരിക്കുകയോ ചെയ്യുമോ? ആ വനിതയുടെ വധത്തിനു യാതൊരു തടസ്സവും ചെയ്യാതെ അവർ താമസീകശാന്തിയുടെ സുസ്ഥിതിയെ പ്രോത്സാഹിപ്പിക്കുമോ? ഇല്ല, മാനവധർമ്മം ഇതനുവദിക്കുകയില്ല. വാതിൽ ഭേദിച്ചു വീട്ടിനകത്തു ചെല്ലുകയും ആ സ്ത്രീയെ രക്ഷിക്കാൻ ശ്രമിക്കുകയുമാണ് അവർ ചെയ്യേണ്ടത്. ആ മർദ്ദകനെതിരായി സമുചിതമായ നടപടികളെടുത്ത് അവർ സാത്വിക ശാന്തി സ്ഥാപിക്കാൻ ശ്രമിക്കണം. ഏതെങ്കിലും ഒരു രാജ്യം അതിലെ ന്യൂനപക്ഷത്തെ പീഡിപ്പിക്കുകയോ, ദുർബ്ബലമായ അയൽ രാജ്യത്തെ ആക്രമിക്കയോ ചെയ്താൽ മറ്റ് അയൽ രാജ്യങ്ങൾ മുന്നോട്ടുവരികയും, വേണ്ടത്ര സൈന്യ സന്നാഹത്തോടുകൂടി സാത്വിക ശാന്തിയുടെ സുപ്രതിഷ്ഠയ്ക്കായി ആ രാജ്യത്തിന്റെ ആയുധസാമഗ്രികൾ പിടിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. സാത്വിക ശാന്തിക്കായി ജീവിതം സമർപ്പിച്ചിട്ടുള്ളവർ ശക്തി നേടേണ്ടതിന ഇതാണു കാരണം. ആട്ടിൻപറ്റങ്ങൾക്കു സിംഹസമൂഹത്തിൽ സാത്വിക ശാന്തി പ്രതിഷ്ഠിക്കാൻ സാദ്ധ്യമല്ല. ശക്തി പ്രയോഗിക്കാതിരിക്കുകയാണ് അക്രമരാഹിത്യം എന്ന ആശയം മുറുകെ പിടിക്കുന്നവർക്കു സാത്വികശാന്തി സ്ഥാപിക്കാനോ, സമ്പാദിച്ച സ്വാതന്ത്ര്യം സംരക്ഷിക്കാനോ സാദ്ധ്യമല്ലെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. അവരുടെ അക്രമരാഹിത്യത്തിൽ വഞ്ചനയാകാം. സ്വന്തം ബലഹീനതയെ മറയ്ക്കാൻ നയപൂർവ്വമുള്ള പ്രവർത്തനങ്ങളുമാ

കാം. പക്ഷെ സാത്വിക ശാന്തിയുടെ പ്രതിഷ്ഠ എന്ന പ്രശ്നം വരുമ്പോൾ അതു ചെയ്യാനവർക്കാവില്ല.

**16**

ഈ പ്രപഞ്ചത്തിലെ ഓരോ അണുവും സകല ജീവികളുടെയും പൊതു സ്വത്താണ്. ഇത് ഒരു നിയമവ്യവസ്ഥയായി സ്വീകരിക്കതന്നെ വേണം. ഇക്കാര്യം അംഗീകരിച്ചുകഴിഞ്ഞാൽ ഇതു ദേശീയമാണ്, അതു വിദേശീയമാണ്, ഒരു പ്രത്യേക വ്യക്തിക്കുമാത്രമേ ഒരു പ്രത്യേക ദേശത്തെ പൗരനാകാൻ അവകാശമുള്ളൂ. മറ്റാർക്കുമില്ല, അഥവാ അൽപമായ അവകാശമേയുള്ളൂ. അല്ലെങ്കിൽ യാതൊരവകാശവുമില്ല എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾക്ക് യാതൊരുസ്ഥാനവുമില്ല. അങ്ങനെയുള്ള മിഥ്യാധാരണകളിൽ വ്യവസ്ഥാപിത താൽപര്യങ്ങൾ മാത്രമാണു യഥാർത്ഥത്തിൽ പ്രബലമായി പ്രകടമാകുന്നത്. മറ്റൊരു രാജ്യത്ത് ആവശ്യത്തിലധികം തരിശുഭൂമിയും ആഹാരപദാർത്ഥങ്ങളുമുണ്ടായിരിക്കുമ്പോൾ ഒരു രാജ്യത്തെ ജനങ്ങൾ ഭൂമിയും ഭക്ഷ്യധാന്യങ്ങളുമില്ലാതെ കഷ്ടപ്പെടുന്നതിനെ മുതലാളിത്തമെന്നല്ലാതെ മറ്റെന്താണ് പറയുക? ജന്മനാൽതന്നെ സകല മനുഷ്യരും വിശ്വപൗരന്മാരാണ്. എവിടെയും പോയി കുടിപ്പാർക്കാനും ഒരു മനുഷ്യ ജീവിയെപോലെ ജീവിക്കാനും ഓരോരുത്തർക്കും അവകാശമുണ്ട്. അത് അവന്റെ ജന്മാകാശമാണ്. ജീവികളുടെ ഈ മൗലികാവകാശം അംഗീകരിക്കാൻ എന്തെങ്കിലും ജനവിഭാഗം സന്നദ്ധരല്ലെങ്കിൽ സമാധാനത്തിനുവേണ്ടിയുള്ള അവ

രുടെ മുറവിളി അന്യരെ വഞ്ചിക്കാനും കബളിപ്പിക്കാനു മല്ലാതെ മറ്റൊന്നിനുമല്ലെന്നു മനസ്സിലാക്കണം. ജീവിക ളുടെ ഈ മൗലികാവകാശം അംഗീകരിക്കാൻ ഏതെ ങ്കിലും ദേശത്തെ ഏതെങ്കിലും ജനവിഭാഗം സന്നദ്ധര ല്ലെങ്കിൽ സമാധാനത്തിനുവേണ്ടിയുള്ള അവരുടെ മുറ വിളി അന്യരെ വഞ്ചിക്കാനും കബളിപ്പിക്കാനുമല്ലാതെ മറ്റൊന്നിനുമല്ലെന്നു മനസ്സിലാക്കണം. ഈ ചെറിയ ഭൂമ ണ്ഡലത്തിൽ മാത്രമല്ല, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, നക്ഷ ത്രം, ഉൽക്കാനീഹാരിക എന്നിവയിലും ഈ വിശാല മായ ബ്രഹ്മാണ്ഡത്തിന്റെ ഏതണുവിലും നിവസിക്കു വാൻ മനുഷ്യനവകാശമുണ്ട്. മനുഷ്യജീവികളുടെ ഈ ജന്മാവകാശം ആരെങ്കിലും അപഹരിക്കാനാശിക്കുന്നു വെങ്കിൽ, മനുഷ്യൻ ബലം പ്രയോഗിച്ച് അതു സ്ഥാപി ക്കുക തന്നെ വേണം. ഏതൊരു നാടും നമ്മുടെ നാടാ ണ്. നാം അവയെ ബലം പ്രയോഗിച്ചു പിടിച്ചെടുക്കും.

എല്ലാ രാജ്യങ്ങളും എന്റെ ജന്മനാടാണ് ഞാൻ എന്റെ ജന്മദേശം സ്വയം തെരഞ്ഞെടുക്കും. (സബ് ദേശെ മോർ ദേശ് ആഛേ, ആമി സേഇ ദേശ് ലബെ ബുത്ധിയാ)

17

ബ്രഹ്മഭാവത്തിന്റെ അഭാവമാണ് സകല അനർത്ഥങ്ങ ളുടേയും മൂലം. ബലവാൻമാർ ബലഹീനരെ പീഡിപ്പി ക്കുന്നു. സുശക്തരായ മനുഷ്യവർഗ്ഗം അശക്തരായ വർഗ്ഗത്തോട് അതിക്രമം കാണിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നു. ഇത്തരം പരിതസ്ഥിതിയിൽ

മർദ്ദകരുടെ നേരെ തുടർച്ചയായ് സമരപ്രഖ്യാപനം ചെയ്യേണ്ടതു സജ്ജനങ്ങളുടെ കർത്തവ്യമാണ്. സന്മാർഗ്ഗോപദേശങ്ങൾ മാത്രമേ ഫലവത്താകൂ എന്ന പ്രതീക്ഷയിൽ ഒരനിശ്ചിതകാലത്തേക്കു ശാന്തമായിരിക്കുന്നതുകൊണ്ടൊരു പ്രയോജനവുമില്ല. ആകയാൽ സത്തുക്കളെല്ലാവരും സംഘടിക്കേണ്ടതുണ്ട്. അതോടൊപ്പം അക്രമികളോടു സമരത്തിനുള്ള ഒരു അവിരാമ സംരംഭം തന്നെ വേണം. ഒരു സാമൂഹ്യ ജീവിത രീതിയോടോ മറ്റേതെങ്കിലും മനുഷ്യവർഗ്ഗത്തോടോ ഏതെങ്കിലും തരത്തിൽ അനീതി കാണിക്കുന്ന ജനതയ്ക്കു മാപ്പുകൊടുക്കാവുന്നതല്ല. ഈവക പരിതസ്ഥിതികളിൽ ക്ഷമിക്കുന്നതു ദൗർബല്യം പ്രദർശിപ്പിക്കുകയാണെന്നു മാത്രമല്ല, അനീതിക്ക് കൂട്ടു നിൽക്കുക കൂടിയാണ്. തന്മൂലം അക്രമികൾ കൂടുതൽ വീണ്ടുവിചാരമില്ലാത്തവരും, മൂർഖന്മാരും, ധിക്കാരികളും ആയിത്തീരും. വ്യക്തിപരമായ ജീവിത്തിൽ ഒരു ദുഷ്ടൻ ഒരു നിരപരാധിയെ ഉപദ്രവിക്കുകയാണെങ്കിൽ തന്റെ സഹിഷ്ണുത പരീക്ഷിക്കാനോ മറ്റേതെങ്കിലും കാരണങ്ങൾക്കോ ആയി ഈ പ്രത്യേക മനുഷ്യൻ ആ ദുഷ്ടനു തന്റെ ഇച്ഛക്കനുസരിച്ച് മാപ്പു നൽകാം. എന്നാൽ ഈ ദുർവൃത്തൻ ഒരു ജനസമൂഹത്തെയാണാക്രമിക്കുന്നതെങ്കിൽ ആ ജനതയുടെ പ്രതിനിധിയെന്ന നിലയിൽ യാതൊരുവനും തീർച്ചയായും അയാൾക്കു മാപ്പുകൊടുത്തുകൂട. അങ്ങനെ ചെയ്യാനുള്ള ഒരധികാരവും അയാൾക്കില്ല. തന്റെ അധികാരപരിധിക്കതീതമായി അയാൾ പ്രവർത്തി

ക്കുന്ന പക്ഷം താൻ ആരെ പ്രതിനിധീകരിക്കുന്നുവോ അവർ അയാളെ നിരാകരിക്കും. അതുകൊണ്ടു ക്ഷമ സാമൂഹ്യ ജീവിതത്തിലല്ല, വ്യക്തിപരമായ ജീവിതത്തിനു മാത്രമുള്ള ഒരു പരിശീലനമാണെന്നു വേണം പറയുവാൻ.

**18**

വ്യക്തിഗതമായ ജീവിതത്തിൽ ഒരാൾ വർഗ്ഗീയത, ജാതീയതാബോധം, പ്രാദേശികത്വം തുടങ്ങിയവയ്ക്കെല്ലാം ഉപരിയായി ഉയരണം. രാഷ്ട്രീയബോധം പ്രശംസാർഹമായ ഒരു മനോഭാവമാണെന്നും, സകല സങ്കുചിതാവസ്ഥകളിൽ നിന്നും അതു സ്വതന്ത്രമാണെന്നും ആളുകൾ പലപ്പോഴും പറയുന്നതായി ഞാൻ കാണുന്നുണ്ട്. പക്ഷെ, അതു സത്യമാണോ? യഥാർത്ഥത്തിൽ വർഗ്ഗീയതയോ, ജാതീയതയോ പ്രാദേശികത്വമോ പോലെ തന്നെ രാഷ്ട്രീയ മനോഭാവവും ഒരു ആപേക്ഷിക ഘടകമാണ്. ചില സ്ഥലങ്ങളിൽ അത് ഇവയെക്കാൾ കൂടുതൽ മൂല്യമുള്ളതായും തീരുന്നു. പോർട്ടുഗീസുകാരുടെ രാഷ്ട്രീയ ബോധത്തെ നമുക്കൊരു ദൃഷ്ടാന്തമായി എടുക്കാം. സ്വദേശാഭിമാനിയായ ഒരു പോർട്ടുഗീസുകാരന്റെ മാനസിക ലക്ഷ്യത്തിന്റെ വ്യാപ്തിയുമായി –അതായത് എത്ര കൂടുതലാളുകളുടെ ക്ഷേമത്തിൽ അയാൾ വ്യാപൃതനാണെന്നുള്ളതുമായി – താരതമ്യപ്പെടുത്തി നോക്കുമ്പോൾ, വർഗ്ഗീയഭാവമുള്ള ഒരു മുസൽമാന്റെ മാനസിക ലക്ഷ്യമാണ് കൂടുതൽ വിപുലം. എന്തെന്നാൽ ഈ ലോകത്തിൽ

പോർട്ടുഗീസുകാരുടെ സംഖ്യയേക്കാൾ മുസ്ലീംകളുടെ സംഖ്യ വളരെ കൂടുതലുള്ളതിനാൽ അവരാണ് കൂടുതൽ ആളുടകളുടെ അഭ്യുദയകാംക്ഷികൾ. അങ്ങനെ ഒരവസ്ഥയിൽ വർഗ്ഗീയതയുള്ള ഒരു മുസൽമാന്റെ മനോഭാവത്തെ രാഷ്ട്രീയതയുള്ള ഒരു പോർട്ടുഗീസുകാരന്റേതുമായി തീർച്ചയായും താരതമ്യപ്പെടുത്തി വിമർശിക്കാവുന്നതല്ല. ഇതുപോലെ തന്നെ ജാതിബോധമുള്ള ഒരു രജപുത്രന്റെ മനോഭാവം രാഷ്ട്രീയവാദിയായ പോർട്ടുഗീസുകാരന്റേതിനേക്കാൾ വിശാലമാണെന്ന് അംഗീകരിക്കണം. എന്തെന്നാൽ രജപുത്രൻ കൂടുതൽ മനുഷ്യരുടെ ക്ഷേമത്തെ ബാധിക്കുന്ന കഴിവുകളാണ് സംശ്ലേഷിപ്പിക്കുന്നത്. ഒരു പ്രാദേശിക ബോധമുള്ള ആന്ധ്രക്കാരന്റെ വികാരങ്ങൾ പോലും ഒരു സ്വദേശാഭിമാനിയായ പോർട്ടുഗീസുകാരന്റേതിനേക്കാൾ വിശ്വാസമാണെന്നു കരുതണം. ഏഴരക്കോടി വരുന്ന ബംഗാളികളുടെയിടയിൽ ഒരാൾ പ്രാദേശിക ബോധം ഉൽബുദ്ധമാക്കുകയാണെങ്കിൽ അയാളുടെ വികാരങ്ങൾ, ഈ ലോകത്തിലെ മിക്ക രാഷ്ട്രങ്ങളെയും വേർതിരിച്ച് എടുത്തുനോക്കുമ്പോൾ അരവരിൽ കാണുന്ന ദേശീയ ബോധത്തേക്കാൾ പ്രബുദ്ധമാണെന്ന് സമ്മതിച്ചേ തീരൂ. (ബംഗാളിലെ ജനസംഖ്യയേക്കാൾ കുറവാണ് മറ്റു പല രാജ്യങ്ങൾക്കും)

അതിനാൽ ജാതിചിന്ത, സാമുദായികവാദം പ്രാദേശികത്വം, രാഷ്ട്രീയത്വം ഇവയെല്ലാം ഒരേ രീതിയിൽപെട്ടവയാണെന്നു കാണപ്പെടുന്നു. ഒരുവൻ തന്റെ സ്വാധീന

ശക്തി സംരക്ഷിക്കാനുതകുന്ന അഭിപ്രായം ഉച്ചൈസ്തരം സമർത്ഥിക്കുന്നുവെന്നുമാത്രം. ഇവരിലൊരോരുത്തരും ഈ ഇസങ്ങളുടെ ന്യൂനതയാൽ ബന്ധിതരാണ്. അവർ സമ്പൂർണ്ണ സങ്കുചിതത്വവും, ആക്രമവും, വിദ്വേഷവും നീചത്വവുമുള്ളവരുമായി തീരുകയും സാമൂഹ്യക്ഷേമമേഖലയിൽ എന്റേതെന്നും നിന്റേതെന്നുമുള്ള വികാരത്തോടെ പ്രവേശിക്കുകയും ചെയ്യുമ്പോൾ മാനവസമുദായത്തിൽ ഭിന്നതകളുടെ പിളർപ്പാണ് യഥാർത്ഥത്തിൽ സൃഷ്ടിക്കുന്നത്. സകല സങ്കുചിത ഭാവങ്ങൾക്കും ഉപരി ഉയർന്ന ജീവജാലങ്ങളുടെ ക്ഷേമം സംരക്ഷിക്കാനാശിക്കുന്നവർക്ക് വിശ്വൈകതാവാദം കൈക്കൊള്ളുകയെന്ന ഒരൊറ്റമാർഗ്ഗമേയുള്ളൂ. ഈ സാർവ്വ ലൗകികഭാവത്തിൽ ഈ ഇസങ്ങളുടെ സവിശേഷതകളേയോ ന്യൂനതകളേയോ ഒരാൾ കൂട്ടിച്ചേർക്കുന്നതു ന്യായീകരിക്കാവുന്നതല്ല. എന്തെന്നാൽ ഇവയ്ക്കെല്ലാം അതീതമാണത്. സകലതിനേയും നമ്മുടെ സ്വന്തമായി നാം വീക്ഷിക്കുന്നപക്ഷം എന്റേതെന്നും നിന്റേതെന്നുമുള്ള പ്രശ്നത്തിനു നില നിൽക്കുവാൻ പറ്റാതെ വരും. അങ്ങനെ അക്രമത്തിനോ, വിദ്വേഷത്തിനോ, സങ്കുചിതത്വത്തിനോ അത് അവസരം നൽകുന്നില്ല.

**19**

കാലം പുരോഗമിക്കുന്നതോടെ ജാതി ചിന്ത, പ്രാദേശിക ബോധം, വർഗ്ഗീയത, രാഷ്ട്രീയത എന്നിവയുടെയെല്ലാം വർണ്ണപ്പകിട്ടു കുറഞ്ഞുവരുന്നു. അനതിവിദൂര

ഭാവിയിൽ ഏകതാഭാവം സ്വീകരിക്കാതെ തരമില്ലെന്ന് ആധുനിക മനുഷ്യർ മനസ്സിലാക്കണം. അതിനാൽ സമുദായക്ഷേമതൽപ്പരന്മാർ സാമുദായികമോ, രാഷ്ട്രീയമോ ആയ സംഘടനകൾ രൂപീകരിക്കാനുള്ള സകല പരിഗണനകളും പരിത്യജിച്ച് ആഗോളസംയുക്ത ഭരണം രൂപവൽക്കരിക്കുന്നതിലേക്ക് അവരുടെ ശക്തിയും ബുദ്ധിയുമെല്ലാം സംഭരിക്കേണ്ടതുണ്ട്. അവർ നയപരമോ വഞ്ചനാപരമോ ആയ പ്രഭാഷണങ്ങളിലാസക്തരാകാതെ ലളിതവും ഋജുവും ആയ രീതിയിലുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങളിൽ പൂർണ്ണമായും ഏകാഗ്രത പതിപ്പിക്കേണ്ടിവരും.

പലരും പറയാറുണ്ട്, വിഭിന്നങ്ങളായ രാഷ്ട്രീയ താൽപര്യങ്ങൾ മാത്രമാണ് ഒരു ലോകഗവൺമെന്റ് രൂപവൽക്കരിക്കാനുള്ള ഏക പ്രതിബന്ധമെന്ന്. എന്റെ അഭിപ്രായത്തിൽ ഇതു മാത്രമല്ല വിഘ്നം. പ്രത്യുത ഇതൊരു ചെറിയ വിഷമം മാത്രമാണ്. ദേശീയ നേതാക്കന്മാർക്ക് അവരുടെ നേതൃത്വം നഷ്ടപ്പെടുമോ എന്നുള്ള ഭയമാണ് യഥാർത്ഥ കാരണം. വിശ്വസംയുക്ത ഭരണം സ്ഥാപിതമാകുന്നതോടുകൂടി പലപല രാജ്യങ്ങളിലും സമുദായങ്ങളിലും രാഷ്ട്രീയ ജീവിതങ്ങളിലും അവരിന്നാസ്വദിക്കുന്ന പ്രബലമായ സ്വാധീനശക്തി നഷ്ടപ്പെട്ടുപോകും.

വിവിധ രാഷ്ട്രീയ താൽപര്യങ്ങളും, സാധാരണ ജനങ്ങളുടെ ഇടയിൽ പ്രകടമാകുന്ന ആശങ്കയും ലോകക്ഷേമ രാഷ്ട്രത്തിന്റെ രൂപികരണത്തിനു തടസ്സമായി

ത്തീരാം. ഈ ഉദ്യമത്തിന്റെ പുരോഗതി പടിപടിയായി നിർവ്വഹിച്ചുവേണം മനുഷ്യ മനസ്സിന്റെ അടിസ്ഥാനരഹിതമായ ഈ ഭീതി ദൂരീകരിക്കാൻ. കൂടാതെ അതിൽ നിന്നുണ്ടാകാവുന്ന വിഷമങ്ങൾ പരിഹരിക്കേണ്ട കാര്യവും വേണ്ടപോലെ പരിഗണിക്കണം. ലോകഫെഡറേഷൻ പ്രബലപ്പെടുത്തി ഉച്ചനിലയിലെത്തിക്കുന്നതു സാവധാനത്തിലായിരിക്കണം. പെട്ടെന്നാകരുത്. ഉദാഹരണമായി അതിന്റെ ഭരണത്തിന് അനിശ്ചിതകാലത്തേക്കു രണ്ടു ഭരണസമിതി രൂപീകരിക്കേണ്ടകാര്യം പര്യാലോചിക്കാം. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ജനസംഖ്യാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ് അധോമണ്ഡലം. ഉപരിമണ്ഡലാംഗങ്ങളാകട്ടെ, ദേശീയാടിസ്ഥാനത്തിൽ രാജ്യങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരുമായിരിക്കണം. ഈ രീതികൊണ്ട് ജനസംഖ്യയുടെ കുറവുമൂലം ഒരൊറ്റ പ്രതിനിധിയെപോലും അധോമണ്ഡലത്തിലേക്കയയ്ക്കാൻ കഴിയാത്ത രാജ്യങ്ങൾക്ക് ഉപരിമണ്ഡലത്തിലേക്ക് പ്രതിനിധികളെ അയയ്ക്കുന്നതു മുഖേന പൊതുജനസമക്ഷം അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാമെന്നൊരു ഗുണമുണ്ട്. അധോമണ്ഡലത്തിലൂടെ അംഗീകാരം ലഭിക്കാത്ത യാതൊരു പ്രമേയവും ഉപരിമണ്ഡലത്തിനു സ്വീകാര്യമല്ല. എന്നാൽ അധോമണ്ഡലം അംഗീകരിച്ച ഏതൊരു സിദ്ധാന്തവും റദ്ദാക്കാനുള്ള അധികാരം ഉപരിസഭയ്ക്ക് ഉണ്ടായിരിക്കുകയും ചെയ്യും.

ആദ്യഘട്ടത്തിൽ ഈ വിശ്വഫെഡറേഷൻ ഒരു നിയമ നിർമ്മാണ സ്ഥാപനമായി മാത്രം പ്രവർത്തിക്കാം. ഒരു പ്രത്യേക ദേശത്ത് ഒരു പ്രത്യേക നിയമം പ്രയോഗയോഗ്യമോ അല്ലയോ എന്നു തീരുമാനിക്കാനുള്ള അധികാരം ഈ ലോകൈകഭരണകൂടത്തിൽ നിക്ഷിപ്തമായിരിക്കും. പ്രാരംഭ ദശയിൽ ലോക ഗവൺമെന്റു സ്ഥാപിതമാകുമ്പോൾ വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകൾക്കു ഭരണാധികാരം മാത്രമേ ഉണ്ടായിരിക്കൂ. നിയമനിർമ്മാണാധികാരം അവർക്കില്ലാത്തതുകൊണ്ട് ഭരണം നടത്തുന്ന ഭൂരിപക്ഷത്തിനു തോന്നും പോലെ ഭാഷാപരമോ മതപരമോ രാഷ്ട്രീമോ ആയ ന്യൂനപക്ഷങ്ങളെ മർദ്ദിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമായിരിക്കയില്ല.

**20**

യന്ത്രവൽക്കരണം കൂടിവരുന്നതോടെ മനുഷ്യവർഗ്ഗത്തിനു സ്ഥലകാലങ്ങളിന്മേലുള്ള പരമാധികാരം ക്രമേണ വർദ്ധിച്ചു വരും. തന്മൂലം ഒരു ലോകഫെഡറേഷൻ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ഓരോ മനുഷ്യജീവിയുടേയും ഉള്ളിൽ തോന്നിത്തുടങ്ങും. ക്രമേണ ലോകത്തിന്റെ ഒരു ഭാഗത്തുള്ള ജനങ്ങളുമായി കൂടുതൽ പരസ്പരം മനസ്സിലാക്കുവാനുള്ള ശ്രമവും വേണ്ടിവരും. മാനവവർഗ്ഗത്തിന അസംഖ്യം ഭാഷകളുണ്ട്. നമ്മുടെ എല്ലാവരുടെയും ഭാഷയാണ് ഓരോന്നും. ഇതെന്റെ ഭാഷ, അതു നിന്റെ ഭാഷ, ഇതു ദേശീയം, അതു വിദേശീയം എന്നിങ്ങനെയുള്ള തോന്നലുക

ളെല്ലാം വളരെയധികം ന്യൂനതകളുള്ളവയാണ്. നമുക്ക് ഒട്ടനേകം ഭാഷകളുണ്ട്. അവയിൽ ഒന്നോ അതിലധികമോ ഭാഷ എനിക്കു കൈകാര്യം ചെയ്യാൻ കഴിയുമെന്നേ പറയാനാവൂ.

ഈ ലോകത്തിലുള്ള എല്ലാ ഭാഷകളുടെയും പദവി ഒരേ നിലയിലാണെങ്കിലും ഭൂഗോളത്തിന്റെ നാനാഭാഗങ്ങളിലുള്ള ജനങ്ങളുമായി യഥോചിതം ആശയവിനിമയം സാധിക്കാൻ ഒരു പൊതുവായ ഭാഷ തിരഞ്ഞെടുക്കേണ്ടതുണ്ട്. ലോകത്തിലെല്ലായിടത്തും പ്രചാരത്തിലിരിക്കുന്ന ആ ഭാഷ മാത്രം ലോകഭാഷയായി (വിശ്വഭാഷ) ഹൃദയപൂർവ്വം അംഗീകരിക്കുകയും വേണം.

ലോകത്തിന്റെ ഒന്നാകെയുള്ള സമ്പൂർണ്ണമായ ഭരണ നിയന്ത്രണം വിശ്വഫെഡറേഷനിൽ നിക്ഷിപ്തമാകാത്തിടത്തോളംകാലം, വിവിധഭാഗങ്ങളിലുള്ള ദേശീയ ഗവൺമെന്റുകൾക്ക്, സൗകര്യപൂർവ്വം ഈ ലോകഭാഷയോ മറ്റേതെങ്കിലും ദേശീയ ഭാഷയോ സംസ്ഥാനഭാഷയായി സ്വീകരിക്കാം. ഏതെങ്കിലും ഒരു പ്രത്യേക ഗവൺമെന്റ് സംസ്ഥാനഭാഷയായി ഏതു ഭാഷ സ്വീകരിച്ചാലും കുഴപ്പമില്ല. പക്ഷെ ലോകഭാഷ അഭ്യസിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാതെ വരുന്നത് ആ ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം ഒരു തരത്തിലും ശരിയല്ല. യാതൊരു കാരണവശാലും ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും നമുക്കകന്നു നിൽപ്പാൻ വയ്യ. ഈ ലോകത്തിലുള്ള നമ്മുടെ സഹോദരീ സഹോദരന്മാരിൽനിന്നും അകന്നു നിന്നു രാഷ്ട്രീയതയ്ക്കായി

മാത്രം അന്ധകാരത്തിൽ തലതല്ലി മരിക്കാൻ നമുക്കാവില്ല.

ജനനമരണങ്ങൾക്കു വിധേയമാണ് എല്ലാ ഭാഷകളും. ഇംഗ്ലീഷ് ഇന്ന് ഒരു ലോക ഭാഷയാണല്ലോ. അതിന ഇപ്പോഴുള്ള പദവി എന്നേക്കും നിലനിന്നില്ലെന്നുവരാം. ഒരു പ്രത്യേക കാലഘട്ടത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഏറ്റവും കൂടുതൽ പ്രചാരത്തിലിരിക്കുന്ന ഭാഷ മാത്രമേ ലോകഭാഷയായിരിക്കൂ.

**21**

ലോകത്തിലെ ജനങ്ങളുടെ സൗകര്യത്തിന ഒരു ലോകഭാഷയുടെ ആവശ്യകതപോലെ അത്രപ്രധാനമല്ല, സാർവ്വരാഷ്ട്രീയമായ ഒരു ലിപിരൂപം. എന്നാൽ എല്ലാ ഭാഷകൾക്കുമായി പൊതുവായ ഒരു ലിപി നടപ്പിൽ വരുന്നുവെങ്കിൽ ഭാഷാപഠനത്തിനു കൂടുതൽ സൗകര്യമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ലോകത്തിലിന്നു പ്രചാരത്തിലിരിക്കുന്ന എല്ലാ ലിപികളിലും വച്ചു റോമൻ ലിപിയാണ് ഏറ്റവും ശാസ്ത്രീയം. പക്ഷെ, ഇന്നത്തെ എല്ലാ ഭാഷകൾക്കും ഈ ലിപി ഉപയോഗിക്കുന്ന പക്ഷം, പല പ്രായോഗിക വൈഷമ്യങ്ങളുമുണ്ടാകും മാത്രമല്ല, ജനങ്ങൾക്ക് അവരുടെ ദേശീയ ലിപികളെ സംബന്ധിച്ച് ഒട്ടൊരുപക്ഷപാതിത്വമുണ്ട്. വിവിധങ്ങളായ ഭാഷകൾക്ക് റോമൻലിപി ഉപയോഗിക്കുന്നവരുടെ അഭിപ്രായത്തിന വിട്ടുകൊടുക്കുന്നതാണ് നല്ലതെന്ന് എനിക്കുതോന്നുന്നു. റോമൻ ലിപി സാർവ്വ

രാഷ്ട്ര ലിപിയായി എത്ര കൂടുതലാളുകൾ സ്വീകരിക്കുമോ അത്രയും നല്ലതാണ്.

വിശ്വഭാഷയുടെ ലിപി ഒരു പ്രത്യേക കാലഘട്ടത്തിൽ വിശ്വലിപിയായി അംഗീകരിക്കേണ്ട ആവശ്യമില്ല. പ്രത്യുത, അതതു കാലത്ത് ഏറ്റവും ശാസ്ത്രീയമെന്നു കരുതപ്പെടുന്ന ലിപി മാത്രമേ വിശ്വലിപിയായി അംഗീകരിക്കാവൂ. അക്കാലത്തെ വിശ്വഭാഷയുടെ അഭ്യസനം ആ ലിപിയിൽ കൂടിതന്നെ സാധിക്കുകയും ചെയ്യാം.

22

വിശ്വഭാഷയായി താരതമ്യപ്പെടുത്തുമ്പോൾ ഒരു വിശ്വലിപിയുടെ ആവശ്യകത അത്രയ്ക്കു ഗൗരവമായി കാണേണ്ടതില്ല. സാർവ്വരാഷ്ട്രീയമായ ഒരു വസ്ത്രധാരണരീതി ഒട്ടും തന്നെ ആവശ്യമായിരിക്കുന്നില്ലല്ലോ. എന്റെ അഭിപ്രായത്തിൽ ലോകത്തിനാകെ ഒരേ വേഷവിധാനം വേണ്ടന്നുതന്നെയാണ്, വിവിധങ്ങളായ രാജ്യങ്ങളിലേക്ക് ദേശീയവേഷവിധാനംപോലും ആവശ്യമായിരിക്കുന്നില്ല.

ശീതോഷ്ണാവസ്ഥയും, പരിസ്ഥിതിയും, ശാരീരികവും, ഔദ്യോഗികവുമായ ആവശ്യങ്ങളുമനുസരിച്ച് മനുഷ്യൻ അവന്റെ വേഷ വിധാനം തിരഞ്ഞെടുത്തുകൊള്ളും. അതുകൊണ്ടാണ്, വസ്ത്രങ്ങളെ സംബന്ധിച്ച് ഒരഭിപ്രായം പറയാതിരിക്കയാണു നല്ലതെന്ന് പറയുന്നത്. ഉദാഹരണായി ഭാരതത്തിന്റെ കിഴക്കൻ ദേശങ്ങളിലും പൂർവ്വപാകിസ്ഥാനിലുമുള്ള സ്വാഭാവിക വേഷം ലുങ്കിയും ഡോത്തിയും ബംഗാളിഷർട്ടും (ബംഗാളിയിൽ

പഞ്ചാബി എന്നു പറയും) ആണല്ലോ. എന്നാൽ തൊഴിൽ ശാലകളിൽ ജോലിചെയ്യുമ്പോൾ അതേ ആളുകൾതന്നെ ട്രൗസറുകൾ ധരിക്കുന്നു. ഇതുപോലെ ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ പ്രദേശത്തും പശ്ചിമ പാക്കിസ്ഥാനിലും പരമ്പരാഗതമായ വേഷം പൈജാമയും (അയഞ്ഞ പാന്റ്സ്) ഷെർവാർണിയുമാണെങ്കിലും (പുരുഷന്റെ ഒരു തരം ഷർട്ട്) കർഷകർ കലപ്പ കൊണ്ട് നിലം ഉഴുമ്പോൾ അവ ഒരിക്കലും ഉപയോഗിക്കാറില്ല. ഇത്തരം പരിതസ്ഥിതികളിൽ ഏതു വേഷമാണു മെച്ചം ഏതാണ് ഹീനം എന്നൊരു പ്രശ്നം ഉദിക്കുന്നതേയില്ല.

**23**

മാനവജാതിക്ക് ഒരേ ഒരു സംസ്ക്കാരമേയുള്ളൂ. നാനാവിധ സംസ്ക്കാരങ്ങൾ ഉണ്ടെന്നു സമ്മതിക്കാൻ ഞാൻ തയ്യാറല്ല. എന്നിരുന്നാലും ഇത്ര മാത്രം പറയാം. മനുഷ്യവർഗ്ഗത്തിലെ വിഭിന്നഭാഗങ്ങളുടെ നൃത്തങ്ങൾ, ഗാനങ്ങൾ, ഉച്ചാരണം, കൊണ്ടാടിവരുന്ന മറ്റാഘോഷങ്ങൾ എന്നിവയ്ക്കു പ്രാദേശികമായ സവിശേഷതകളുണ്ട്. ഈ പ്രാദേശികപ്രത്യേകതകളും, നടപ്പിലുള്ള ആചാരങ്ങളുടെ തുടർച്ചയായ നിലനിൽപ്പും സാംസ്ക്കാരിക വൈചിത്ര്യങ്ങളായി പരിഗണിക്കാൻ വയ്യ.

മനുഷ്യജീവികളുടെ ദേശീയമായ മാമൂലുകളിലുള്ള വൈവിധ്യങ്ങൾ, നിയമാധികാരം പ്രയോഗിച്ചോ ഏകാധിപത്യ ഭരണത്താലോ ദൂരീകരിക്കാവുന്നതല്ല. സാധാരണ ചടങ്ങുകൾക്കും ഭാഷകൾക്കും വിവിധങ്ങളായ

ദേശീയ സമ്പ്രദായങ്ങൾക്കും, ആചാരങ്ങൾക്കും ദേശീയൈക്യത്തിന്റെയോ മാനവൈക്യത്തിന്റെയോ, ദേശീയത്വത്തിന്റെയോ പേരിൽ നാശം വരുത്തുവാനുള്ള ഒരു ശ്രമം നടത്തുകയാണെങ്കിൽ അത് അക്രമത്തിലും പരസ്പരമുള്ള അവിശ്വാസത്തിലും കലാശിക്കും. സാമൂഹ്യജീവിതംതന്നെ നാശത്തിലേക്കു നീങ്ങുകയും ചെയ്യും, ഞാൻ സമുദായസമന്വയത്തെ അനുകൂലിക്കുന്നു. എന്റെ അഭിപ്രായത്തിൽ ജനങ്ങൾക്കു പരസ്പരം വളരെ അടുത്ത സമ്പർക്കമുണ്ടാകുന്തോറും, ലോകത്തിന്റെ കോണുകൾ സമീപസ്ഥമാകുന്തോറും അടിയ്ക്കടിയായുള്ള മിശ്രണത്തിന്റെ ഫലമായി പ്രാദേശികമായ സവിശേഷതകൾ നൂതനമായ രൂപങ്ങൾ പ്രാപിക്കും. വിവിധാരാമങ്ങളിലെ പുഷ്പങ്ങൾ ഒരു പൂച്ചെണ്ടായി കോർത്തിണക്കുമ്പോൾ അതിന ആ പുഷ്പങ്ങളേക്കാൾ മനോഹാരിത കുറഞ്ഞുപോകുന്നില്ല. പ്രത്യുത, അതു കുറച്ചുകൂടി സുന്ദരമായിരിക്കയേയുള്ളൂ. ദ്രുപദരാഗത്തിന്റെ ശ്രുതിമാധുര്യം ഖേയലായി പരിണമിക്കുന്നതുപോലെ ക്ലാസിക്കൽ സംഗീതം കീർത്തനമായും താളലയാത്മകമായും (മിശ്രസംഗീതമായും) രൂപാന്തരം പ്രാപിക്കുന്നു. വിഭിന്നദേശങ്ങൾ അഥവാ മനുഷ്യ സമുദായങ്ങൾ അവർക്കിടയിൽ വിവാഹബന്ധങ്ങൾ വഴിയായി സാമുദായിക സമ്മിശ്രത ഏർപ്പെടുത്താനുള്ള ഔത്സുക്യം കാണിക്കുന്നുവെങ്കിൽ എത്രയും ചുരുങ്ങിയ കാലംകൊണ്ട് ഈവിധമുള്ള സാമുദായിക സംശ്ലേഷണം സാധിക്കാം. നാനാജാതിമതസ്ഥർ ഒരു

മിച്ചു വസിക്കുന്ന വൻ നഗരങ്ങളിൽ ഇതിന്റെ ദൃഢമായ പ്രതിഫലനം നാം കാണുന്നുണ്ട്.

**24**

ഈ ലോകത്തിലെ ജനസംഖ്യ അതിവേഗത്തിൽ പെരുകികൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഇതുമൂലം അനേകം ആളുകൾ ഭയാകുലരായിതീർന്നിട്ടുണ്ട്. ഒരു മുതലാളിത്ത ഭരണത്തിനുള്ളിൽ ആ വിധമുള്ള ഭീതിക്കു മതിയായ കാരണങ്ങളുമുണ്ട്. അങ്ങനെയുള്ള രാജ്യങ്ങളിൽ ജനപെരുപ്പമെന്നു പറഞ്ഞാൽ അതിന് അനുരൂപമായി ജനങ്ങളുടെ ദാരിദ്ര്യവും വർദ്ധിക്കുന്നു എന്നാണർത്ഥം. എന്നാൽ ഒരേകീകൃത സമ്പദ് വ്യവസ്ഥയിൽ അങ്ങനെ ഒരു ഭയത്തിനു കാരണമില്ല. പൊതുജനങ്ങളുടെ ഭക്ഷ്യ സാധനങ്ങൾക്കും വാസസ്ഥലത്തിനും കുറവു സംഭവിച്ചാൽ ഏകീകരിച്ചുള്ള പരിശ്രമങ്ങൾകൊണ്ടു നാം മരുപ്രദേശങ്ങളെ മരതകകേദാരങ്ങളാക്കി മാറ്റും. ശാസ്ത്രീയമായ ഉപകരണങ്ങൾകൊണ്ട് അവയുടെ ഉൽപാദനശക്തി വർദ്ധിപ്പിക്കും. ഇങ്ങനെ ഭൂമി, ജലം, വായു എന്നിവയിലുള്ള രാസപ്രയോഗം കൊണ്ടു മനുഷ്യാഹാരം തയ്യാറാക്കി എടുക്കും. ഈ ഭൂമി നിശ്ശേഷം ഫലശുഷ്ക്കമായിത്തീരുന്നുവെങ്കിൽ, ഭൂമിയില്ലാത്ത മനുഷ്യസമൂഹങ്ങൾ വിവിധ ഗ്രഹങ്ങളിലേക്കും ഉപഗ്രഹങ്ങളിലേക്കും കുടിയേറിപാർക്കുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്യും. മുതലാളിത്തഭാരണം നിലനിന്നുപോരുന്ന ഒരു രാജ്യത്തുള്ള ഒരാളാണു കുടുംബാവശ്യങ്ങളിൽനിന്നും മോചനം ലഭിക്കാൻ

സന്താനനിയന്ത്രണപദ്ധതിയെ അഭയം പ്രാപിക്കുന്നതെങ്കിൽ, അയാളെ പഴിക്കാൻ വയ്യ. പുരുഷന്മാരുടെയും സ്ത്രീകളുടെയും ശരീരത്തിൽ വൈരൂപ്യമുണ്ടാക്കിയോ, അവരുടെ ഉൽപാദനശക്തി എന്നേയ്ക്കുമായി നശിപ്പിച്ചോ സന്താനനിയന്ത്രണം ഏർപ്പെടുത്താനുള്ള പ്രവണത ആശാസ്യമല്ല. എന്തെന്നാൽ ഇതുവഴി ഏതൊരു നിമിഷത്തിലും അവരിൽ അതിനിശിതമായ മാനസിക പ്രതികരണമുണ്ടാകാനിടയുണ്ട്.

**25**

ശാസ്ത്രം അതിവേഗത്തിൽ കുതിച്ചു കൊണ്ടിരിക്കുന്നു. അതു ചലിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ചലനം തുടർന്നുകൊണ്ടേയിരിക്കും. ശാസ്ത്രത്തെ വിമർശിക്കുന്നതുകൊണ്ട് അതിന്റെ അഭിവൃദ്ധി തടയാൻ ആർക്കും സാദ്ധ്യമല്ല. ഈ വിധഉദ്യമങ്ങളിൽ വ്യാപൃതരാകുന്നവർ പിന്നിൽ കിടക്കുമെന്നുമാത്രമല്ല, ഈ ആധുനികലോകത്തിൽ അവർ ഒന്നിനും കൊള്ളരുതാത്തവരായി പരിഗണിക്കപ്പെടുകയും ചെയ്യും. ശാസ്ത്രീയോപായങ്ങളാൽ തങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിൽ മനുഷ്യൻ തീർച്ചയായും വിജയിയാകും. ചില സ്ഥാനങ്ങളിൽ മൃതരായവരിൽ ജീവൻ ആവേശിപ്പിക്കാൻപോലും അവർക്കും കഴിയും. ഈ സുദിനം അടുത്തടുത്തുകൊണ്ടുവരാനുള്ള പ്രയത്നം പോലും തീർച്ചയായും ജീവജാലങ്ങളോടുള്ള സേവനത്തിന്റെ ഒരംശമാണ്. എന്നെങ്കിലുമൊരുനാൾ മനുഷ്യശിശുക്കളെ ശാസ്ത്രീയ ഗവേഷണശാലകളിൽ സൃഷ്ടിക്കു

വാൻ മനുഷ്യർ പഠിക്കും. ഒരാളുടെ ഇച്ഛാനുസരണം കുട്ടികളുടെ ഉൽപാദനം അപ്പോൾ സാദ്ധ്യമാകും. ബുദ്ധിശക്തിയിലും, ഭക്തിവഴിയായുള്ള ആത്മീയസമ്പത്ത് നേടുന്നതിലും പരീക്ഷണശാലകളിൽ സൃഷ്ടിക്കപ്പെടുന്ന ശിശുക്കൾ ആധുനികമനുഷ്യനെ അപേക്ഷിച്ച് ബുദ്ധിപരമായും ആത്മീയവുമായ സമ്പത്തുകൊണ്ടും പിന്നോക്കം പോയേക്കുമോ! ഒരു സജീവവസ്തുവിനെ സൃഷ്ടിക്കാനാകുമോ എന്നു ശാസ്ത്രനിന്ദകർ മനുഷ്യവർഗ്ഗത്തെ വെല്ലുവിളിക്കുന്നു. ഭാവിയിൽ ഇതു സൃഷ്ടിക്കുന്നതു വഴി ജനത ഈ പ്രശ്നത്തിനുത്തരം നൽകും. ബുദ്ധിപരമായ വികാസം അക്കാലത്തെ മനുഷ്യർക്ക് കൂടുതൽ ആദ്ധ്യാത്മികാഭിരുചിയുണ്ടാക്കും. ബ്രഹ്മമനസ്സ് (സഗുണബ്രഹ്മം) ഇന്നു പ്രത്യക്ഷഭാവത്തിൽ ചെയ്തുപോരുന്നതു മനുഷ്യശരീരമാകുന്ന മാധ്യമത്തിൽകൂടി ഈ ഭൂതലത്തിൽ കൂടിയ തോതിൽ ക്രമേണ തുടർന്നു ചെയ്യാനിടയാകും. എന്നാൽ അപ്പോഴേക്കു മനുഷ്യശരീരത്തിന്റെ പുനരുൽപാദന ശക്തിയും കമേണ നശിച്ചു കഴിയും.

**26**

മനുഷ്യരുടെ ഐക്യം തകർക്കാനുദ്യമിക്കുന്നവർ മുഖ്യമായും കക്ഷിരാഷ്ട്രീയത്താൽ പ്രേരിതരാണ്. വാസ്തവത്തിൽ അസുഖം പരത്തുന്ന രോഗാണുക്കളേക്കാൾ ആപൽക്കരമാണ് ഈ കക്ഷിരാഷ്ട്രീയം. ഇതിൽ സുകുമാരങ്ങളായ അഭിരുചികൾ, സരളത, സേവനസന്നദ്ധത എന്നിത്യാദി മനുഷ്യമനസ്സിന്റെ വിവിധങ്ങളായ

ഗുണവിശേഷങ്ങൾ നിശ്ശേഷം നശിപ്പിക്കും. വ്യക്തിഗതമായ കഴിവിനേക്കാൾ ഇതിൽ പാർട്ടി മുദ്രയ്ക്കാണ് കൂടുതൽ വില. അവരുടെ മുഖ്യ ലക്ഷ്യം സമുദായസേവനമല്ല; ആത്മസേവനമാണ്. സാമൂഹ്യക്ഷേമമമല്ല; മന്ത്രിപദമാണ്. പൊതുജനവഞ്ചനയും, രാഷ്ട്രീയ ഞാണിന്മേൽകളിയുടെ പ്രദർശനവും അവർക്കു സർവ്വ സാധാരണമാണ്. അവർ സ്വയം നന്നാക്കാൻ ശ്രമിക്കുന്നതിനു പകരം തങ്ങളുടെ വാഗ്ധോരണികൊണ്ടു സകലതും നടത്തുവാനാശിക്കുന്നു. പൊതുജനങ്ങളെ ശരിക്കും മനസ്സിലാക്കികൊണ്ടു പരസ്പരം കലഹിക്കാനവരെ പ്രേരിപ്പിക്കുന്നു. ആത്മപ്രശംസകൊണ്ടു സിംഹാസനം കരസ്ഥമാക്കാനും അതു പരിപാലിക്കാനും അവർ ശ്രമിക്കുന്നു. അവരെ സംബന്ധിച്ച് ജനങ്ങൾ കരുതലുള്ളവരായിരിക്കണം. സാമൂഹ്യവും മതപരവുമായ ജീവിതങ്ങൾ, വിദ്യാഭ്യാസം, സാഹിത്യരംഗങ്ങൾ തുടങ്ങിയ സകല മണ്ഡലങ്ങളിലും തലയിടുവാനവരാശിക്കുന്നു. പ്രസംഗവേദികളിൽനിന്നു മുഴക്കുന്ന പദഘോഷങ്ങൾകൊണ്ടു ജീവിതത്തിന്റെ വിവിധതലങ്ങളിൽ പരിജ്ഞാനവും പ്രാവീണ്യവും ഒരുവനു നേടാനാവില്ല. ഇതിന്റെ വൈഭവത്താൽ അധികാരം കൈക്കലാക്കി മറഞ്ഞിരിക്കാനാണവരാശിക്കുന്നത്.

**27**

അതിനാലാണു പറയുന്നത്, സത്യസന്ധരും ഉദാരമതികളുമായ ജനങ്ങൾ രാഷ്ട്രീയത്തിൽ നിന്ന് ശ്രദ്ധാപൂർവ്വം അകുന്നുനിൽക്കണമെന്ന്. ഇവിടെ ഒരു പ്രശ്നം

ഉയരാം. കക്ഷിരാഷ്ട്രീയത്തിന്റെ അഭാവത്തിൽ ഗവൺമെന്റ് രൂപീകരിക്കുന്നതിലോ രാജ്യ സേവന ത്തിലോ വിജയം നേടാൻ സത്യസന്ധരായ മനുഷ്യർക്കു തനിയെ സാധിക്കുമോ? ഇതിന ആസൂത്രിത പരിശ്രമം ആവശ്യമാണോ? യഥാർത്ഥത്തിൽ സത്യസന്ധരായ പ്രവർത്തകർക്കും, സമുദായ ക്ഷേമതൽപരർക്കും ഒരു ലോകരാഷ്ട്രത്തിന്റെ അഥവാ ആനന്ദപരിവാര (സ്വർഗ്ഗീ യലോക കുടുംബം) ത്തിന്റെ ആദർശത്തിൽ വിശ്വസി ക്കുന്നവർക്കും സഹകരണ ബോധമുണ്ടായിരിക്കണെ മെന്നു പറഞ്ഞു ഞാൻ ഈ പ്രശ്നത്തിനുത്തരം നൽകും. എന്നിരുന്നാലും ഒരേകീകൃതമായ മാർഗ്ഗത്തിൽ സമുദായസേവനം ചെയ്യാനുള്ള മുദ്രാവാക്യത്തോടുകൂടി അവർക്ക് ബോർഡുകളുടെ രൂപത്തിലുള്ള സ്ഥാപന ങ്ങൾ രൂപീകരിക്കാം. പക്ഷെ, ഈ ബോർഡുകൾ വോട്ടു കൾക്കുവേണ്ടി മത്സരിക്കുന്നത് ആശാസ്യമല്ല. അർഹത യുള്ള സ്ഥാനാർത്ഥികൾക്കു ജനങ്ങൾ അവരുടെ വോട്ടു നൽകിക്കൊള്ളും; അല്ലാതെ പാർട്ടി മുദ്രവഹിക്കുന്നവിള ക്കുകാലുകൾക്കായിരിക്കില്ല. കക്ഷിരാഷ്ട്രീയക്കാരാ കട്ടെ തങ്ങൾ പരസ്യമായി വിമർശിക്കുന്ന (പഴിക്കുന്ന) കാര്യങ്ങളെ, പാർട്ടിതാൽപര്യങ്ങൾക്കായി രഹസ്യമായ വിധത്തിൽ പിന്താങ്ങുന്നു. വർഗ്ഗീയതയും പ്രാദേശിക യും ജാതി ചിന്തയുമൊന്നും പാർട്ടി താൽപര്യങ്ങൾക്കു ചീത്തയായി കണക്കാക്കില്ല. മനുഷ്യരുടെ ഏക പദ വിയും ചിഹ്നവും അവർ മനുഷ്യർ അഥവാ സജീവങ്ങൾ ആണെന്നുള്ളതാണ്. കക്ഷിരാഷ്ട്രീയക്കാരാകട്ടെ,

ഇതിൽ നിന്നും തികച്ചു വ്യത്യസ്തമായ ഒരു മനോഭാവം സൃഷ്ടിക്കുവാനാഗ്രഹിക്കുന്നു. മനുഷ്യരുടെ സുകുമാരഭാവനകൾ സ്വാർത്ഥോദ്ദേശങ്ങളാകുന്ന സ്റ്റീംറോളറിനടിയിലിട്ടു പൊടിച്ചു തകർക്കാനാണ് കക്ഷിരാഷ്ട്രീയക്കാർ ആഗ്രഹിക്കുന്നത്.

**28**

ഈ പ്രപഞ്ചം നിലനിൽക്കുന്നിടത്തോളംകാലം വിദ്യയും അവിദ്യയും തമ്മിലുള്ള സംഘട്ടനം തുടർന്നു കൊണ്ടിരിക്കും. അദ്ധ്യാത്മികകാര്യത്തിൽ പരാങ്മുഖരായ രാജ്യതന്ത്രജ്ഞന്മാർക്ക് ഒച്ചപ്പാടുണ്ടാക്കുന്ന പ്രസംഗങ്ങൾ കൊണ്ടോ വെൺപ്രാക്കളെ പറപ്പിക്കുന്നതു കൊണ്ടോ ഈ സംഘട്ടനം നിറുത്താൻ സാദ്ധ്യമല്ല. അവിദ്യക്കെതിരായി പൊരുതണമെങ്കിൽ മനുഷ്യർ സുശക്തരായിത്തീരണം. ഇതിലേക്കു ആയുധശക്തിയും മാനസികവും ആത്മീയവുമായ ശക്തികളും വളരെ ആവശ്യമായിരിക്കുന്നു. കാലക്ഷേപോപായമായി കാപട്യം കൈവച്ചിട്ടുള്ളവർ അദ്ധ്യാത്മികസാധന ചെയ്കയില്ല. സ്വാർത്ഥോദ്ദേശങ്ങൾ നേടാനായി അവർ ഉച്ചത്തിൽ ആദ്ധ്യാത്മിക ബോധം ഉൽബുദ്ധമാക്കുന്ന കാര്യത്തിൽ വിജയികളാകയില്ല. എന്തെന്നാൽ സ്വഭാവദാർഢ്യത്തിന്റെ ശക്തി അവരിലശേഷമില്ല. അങ്ങനെയുള്ള നേതാക്കളുടെ കാപട്യം കണ്ടു മടുത്തിരിക്കുന്ന ജനങ്ങൾക്ക് അവരിൽ നിന്നും യാതൊരു മാനസിക സമ്പത്തും നേടാൻ സാദ്ധ്യമല്ല. ഒടുവിൽ ഈ രാഷ്ട്രീയ കപടനാട്യക്കാർക്ക് ആയുധബലത്തെത്തന്നെ ആശ്രയി

ക്കേണ്ടിവരും. ഇതിൽ നിന്നും മനസ്സിലാകുന്നത് അത്തരം ഭരണതന്ത്രജ്ഞന്മാർക്ക് ബലത്തിനുള്ള ഏകോപായം മൃഗീയത മാത്രമാണെന്നാണ്.

**29**

കക്ഷിരാഷ്ട്രീയത്തിൽ ഒളിഞ്ഞിരിക്കുന്ന വഞ്ചന കൊണ്ടു പൊതുജനങ്ങളെ അൽപകാലത്തേക്കു കബളിപ്പക്കാൻ കഴിഞ്ഞെന്നുവരാം. പ്രത്യേകിച്ചും ആവിധ കുഴപ്പങ്ങൾക്കുത്തരവാദികളായ ആളുകൾ നല്ല വാചാലരായിരിക്കുമ്പോൾ. അവർവാക്ചാതുര്യം കൊണ്ടു സ്വകർമ്മങ്ങളുടെ പ്രത്യാഘാതങ്ങളിൽ നിന്നും രക്ഷപ്പെടാനാശിക്കുന്നു. കക്ഷിതാൽപര്യങ്ങൾ പരിരക്ഷിക്കാനും, വ്യക്തിപരമായ അന്തസ്സുപുലർത്തുവാനും മാത്രമായി ലക്ഷക്കണക്കിനാളുകളുടെ ദു:ഖത്തിനു ഹേതുഭൂതരായിത്തീരുന്നതിൽ ഇവർ ഒട്ടുംതന്നെ ലജ്ജിതരല്ലെന്നു സാധാരണയായികാണാം. കർത്തവ്യത്തിന്റെ നിലയിൽ നിന്നു നോക്കുമ്പോൾ അങ്ങനെയുള്ള ദുരാചാരികളായ നേതാക്കന്മാരെ വിചാരണചെയ്തു ശിക്ഷിക്കേണ്ടതു പൊതു ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ന്യായയുക്തവും ഉചിതവുമാണ്. ഇവർ കക്ഷിതാൽപര്യത്തിന്റെ പൂമാലയുമണിഞ്ഞു കുറച്ചു വമ്പു പറയുന്നതുമൂലം കഥയില്ലാത്ത പൊതുജനങ്ങളുടെ പ്രതീക്ഷകളും പ്രത്യാശകളും ശ്രേയസ്സും എന്നു വേണ്ട സർവ്വവും നശിപ്പിക്കുന്നു. തൽഫലമായി ജനതതങ്ങളെ പരിഭ്രാന്തരാക്കുന്ന ഒരു വക ചിന്താക്കുഴപ്പത്തിൽ മുങ്ങിപ്പോകുന്നു. ജനങ്ങൾക്കു തങ്ങളുടെ അഭി

പ്രായങ്ങൾ നഷ്ടപ്പെടുകയും ആവശ്യങ്ങൾ വിസ്മൃതങ്ങളാകുകയും ചെയ്യുന്നു

**30**

വിദ്യയും അവിദ്യയും തമ്മിലുള്ള സംഘട്ടനം എന്നെന്നേക്കും തുടർന്നുകൊണ്ടിരിക്കും. തന്മൂലം പോലീസിന്റെയും മിലിട്ടറിയുടേയും ബലം കൂടിയതോതിലോ കുറഞ്ഞതോതിലോ ഉണ്ടായിരിക്കേണ്ടതു ശാശ്വതമായ ഒരാവശ്യമായിവരും. ഈ ആവശ്യകത വിശ്വഗവൺമെന്റിന്റെ സ്ഥാപനത്തോടെ കുറയുമെന്നുള്ളതു ശരിയാണ്. അവിദ്യയുമായുള്ള നിരന്തരമായ പോരാട്ടംമൂലം വർഗ്ഗങ്ങൾ തമ്മിലുള്ള വൈരം ഏറക്കുറെ നിലനിൽക്കുകതന്നെ ചെയ്യും. വർഗ്ഗവിഹീനമായ ഒരു സമുദായത്തിന്റെ സ്ഥാപനത്തോടെ അലസരായിരിക്കാനും വിശ്രമജീവിതം നയിക്കാനും ആശിച്ച് ഭാവനയുടെ ചിറകുകൾ വിരിച്ചു പറക്കുന്നവർ ഹതാശരായിത്തീരുകയേയുള്ളൂ.

**31**

വിദ്യാഭ്യാസസമ്പ്രദായം മുഴുവനും കക്ഷിരാഷ്ട്രീയത്തിന്റെ സ്വാധീനതയിൽ നിന്നു നീക്കി നിർത്തേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസപദ്ധതിക്കു സാമ്പത്തികസഹായം നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്. പക്ഷെ, വിദ്യാഭ്യാസപ്രശ്നങ്ങൾ, പാഠ്യപദ്ധതി, പഠനക്രമം എന്നിത്യാദി കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യാനുള്ള പൂർണ്ണാധികാരം വിദ്യാഭ്യാസ വിചക്ഷണന്മാരുടേയോ സർവ്വകലാശാലകളുടേയോ ഹസ്തങ്ങ

ളിൽ മാത്രമായിരിക്കണം. വിദ്യാഭ്യാസ പ്രവർത്ത കർക്കും, സർവ്വകലാശാലകൾക്കും വേണ്ട നിർദ്ദേശ ങ്ങൾ നൽകുവാനുള്ള സ്വാതന്ത്ര്യം ഗവൺമെന്റിനുണ്ട്. പക്ഷെ, അവരുടെ മേൽ ആജ്ഞ നടത്താൻ പാടില്ല. ഗവൺമെന്റിന ഏതൊരു പ്രമേയവും ന്യായപൂർവ്വമുള്ള പരിഗണനയ്ക്കായി അവർക്കയച്ചുകൊടുക്കാം. എന്നാൽ അതംഗീകരിക്കാൻ യാതൊരു സമ്മർദ്ദവും ചെലുത്തി ക്കൂടാ. സാമുദായികവും വിദ്യാഭ്യാസപരവുമായ വീക്ഷ ണകോടിയിൽ നിന്നു നോക്കുമ്പോൾ വളരെ പ്രാധാന്യ മർഹിക്കുന്ന റേഡിയോ പ്രക്ഷേപണം ചലച്ചിത്രങ്ങൾ ആദിയായവയ്ക്കെല്ലാം ഇതേ നയം പ്രയോഗിക്കാവുന്ന താണ്. ഇവയൊന്നും കക്ഷിരാഷ്ട്രീയത്തിന്റെ വിജയകാ ഹളങ്ങളായിത്തീരുവാൻ അനുവദിച്ചുകൂട.

**32**

ഒരു സംഘട്ടനം കൂടാതെ വിശ്വഗവൺമെന്റ് അഥവാ ആനന്ദപരിവാരം സ്ഥാപിക്കാൻ കഴിയുമോ എന്നതാണ് അടുത്ത പ്രശ്നം. സാധിക്കും എന്ന് ഇതിനു ഞാൻ ഉത്തരം നൽകും. വിശ്വഭരണകൂടം അഥവാ ആനന്ദപരി വാരം സ്ഥാപിക്കുവാനാശിക്കുന്നുവെങ്കിൽ ജനങ്ങളുടെ ഉത്സാഹവും നിസ്വാർത്ഥ സേവനവും രചനാത്മകമായ പ്രവർത്തനങ്ങളും മാനവ വർഗ്ഗത്തിന്റെ പരമമായ ക്ഷേമവും നേടിയിരിക്കണം. തന്റെ ആന്തരാത്മാവിൽ മറ്റു യാതൊരുദ്ദേശങ്ങളുമില്ലാതെ സർവ്വാത്മനാ സമുദാ യക്ഷേമത്തിൽ ഒരുവൻ വ്യാപൃതനായിരിക്കണം. ഉഗ്രനി ഷ്ഠയോടുകൂടി സമുദായസേവനത്തിൽ പ്രവർത്തി

ക്കുന്ന ജനങ്ങൾക്കു വേണ്ട സഹകരണം നൽകുന്ന ജനങ്ങളെ വിശ്വഫെഡറേഷൻ അഥവാ ആനന്ദപരിവാരം സ്ഥാപിക്കാനാഗ്രഹമുള്ളവരായി ഗണിക്കാം. ഈ ചുമതലകളുമായി ഗവൺമെന്റുകൾ സഹകരിക്കാത്ത രാജ്യങ്ങളിൽ ജനങ്ങൾ ക്ഷുഭിതരായിത്തീരുകയും, സാഹസികരായ പൊതുജനങ്ങൾ ഒരു വിപ്ലവംമുഖേന വിശ്വഗവണ്മെന്റ് അഥവാ ആനന്ദപരിവാരം സ്ഥാപിക്കുകയും ചെയ്യും. തന്മൂലം പൊതുജനസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾക്കു രാഷ്ട്രീയത്തിന്റെ മാലിന്യങ്ങളിൽ പ്രവേശിക്കേണ്ട ഒരാവശ്യവുമില്ല.

സമുദായത്തെ അതിന്റെ സകല ന്യൂനതകളിൽ നിന്നും മോചിപ്പക്കുവാനിച്ഛിക്കുന്ന ജനങ്ങൾ ഓരോ വ്യക്തിയിലും പ്രത്യേകമായ ഒരു ദൃഷ്ടിപതിച്ചുകൊണ്ടിരിക്കണം. വ്യക്തികളുടെ ശുദ്ധീകരണംകൊണ്ടു മാത്രമേ സമുദായപരിഷ്ക്കാരം നടപ്പിലാക്കാൻ കഴിയൂ. രാഷ്ട്രീയ പ്രസംഗപീഠങ്ങളിൽ നിന്ന് പ്രസംഗിക്കുന്നതു കൊണ്ടുമാത്രം സമുദായത്തിന്റെ ഉദ്ധാരണം സാദ്ധ്യമല്ല. മാനസികവും ആത്മീയവുമായ പരിശീലനത്തിനു മാത്രമേ സദ്വിപ്രന്മാരെ സൃഷ്ടിക്കാൻ കഴിയൂ. യമനിയമങ്ങളിൽ പ്രതിഷ്ഠിതരും ഭൂമാഭാവത്താൽ പരമതത്വത്തെ ഉദ്ദീപിക്കപ്പെട്ടവരുമാണ് സദ്വിപ്രന്മാർ

പ്രസംഗ മണ്ഡപങ്ങളിൽ നിന്നുള്ള കൈയടിപ്പിക്കുന്ന പ്രസംഗങ്ങൾകൊണ്ടു രാഷ്ട്രീയ നേതാക്കന്മാർക്കു സദ്വിപ്രന്മാരെ വാർത്തെടുക്കുവാൻ സാധിക്കയില്ല. ഇതിനു സത്യസന്ധതയും അന്തഃശുദ്ധിയും അഭ്യസിക്ക

ണം. ആരാണു ഈ പ്രസംഗവേദികളിൽ നിന്നു പ്രസം ഗിക്കുന്നവർ? രാഷ്ട്രീയ ദോഷാരോപണമാകുന്ന ചേററ് മറ്റുള്ളവരുടെ മേൽ വാരി എറിയുന്നവരല്ലേ അവർ? അവരിൽ ഭൂരിഭാഗവും അധികാരമോഹത്താൽ അന്ധ ന്മാരാണ്. അവർക്ക് അന്യരെ എന്തു പഠി പ്പിക്കാൻ കഴിയും?

അന്ധേനൈവ നീയമാനാ:യഥാന്ധാ: (അവർ തീർച്ച യായും അന്ധരെയന്ധർ നയിക്കുന്നതുപോലെയാണ്.)

**33**

ഗവൺമെന്റിന്റെ വിഭിന്നങ്ങളായ രൂപങ്ങളിൽ വെച്ച് അത്യുത്തമമാണ് ജനാധിപത്യം എന്നംഗീകരിക്കാൻ വയ്യ. ജനാധിപത്യഭരണം ദുഷിതമാണെങ്കിലും മനുഷ്യ ജീവികൾ ഏതൽക്കാലപര്യന്തം അവധാരണം ചെയ്തി ട്ടുള്ള മറ്റേതൊരു ഗവൺമെന്റുകളിലും മെച്ചമാണതെ ന്നുപറയാം. ഇതിലും മെച്ചമായി ഭാവിയിൽ വന്നേക്കാ വുന്ന ഏതൊരു രൂപത്തിലുള്ള ഗവൺമെന്റിനെയും ഉള്ളഴിഞ്ഞു സ്വീകരിക്കേണ്ടതു ന്യായമാണ്. ജനാധിപ ത്യഭരണത്തിന അനേകം ദോഷങ്ങളുണ്ടെന്നു സ്പഷ്ട മായി കാണാം. ഈ ദോഷങ്ങൾ പരിഹരിക്കുന്നപണി മനുഷ്യൻ ആരംഭിച്ചിട്ടുമുണ്ട്.

ഒരു ജനാധിപത്യ ഭരണകൂടത്തിൽ ഒരാളുടെ യോഗ്യത തെളിയുന്നതു ഭൂരിപക്ഷം വോട്ടുകൾ കരസ്ഥ മാക്കുന്നതുകൊണ്ടു മാത്രമാണ്. പക്ഷെ ഈ കഴിവ് വേണ്ടവിധത്തിൽ എല്ലായിടത്തും പരീക്ഷിക്കപ്പെടുന്നി ല്ല. ഭൂരിപക്ഷം വോട്ടുകൾ ലഭിച്ചിട്ടുള്ള ഒരാളുടെ തിര

ഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടുകളുടെ പകുതിയിൽ കുറവാണ് അയാൾക്ക് ലഭിച്ചിട്ടുള്ളതെങ്കിൽ വീണ്ടും ഒരു പുതിയ പരീക്ഷണത്തിനു വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ പരീക്ഷണത്തിൽ അയാൾക്കനുകൂലമായും പ്രതികൂലമായും വോട്ടു രേഖപ്പെടുത്താനുള്ള ഏർപ്പാടുകൾ ചെയ്കയും അനുകൂലമായി ഭൂരിപക്ഷം വോട്ടുകൾ നേടി അയാൾ വിജയിക്കുമ്പോൾ മാത്രം അയാളെ തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കയും വേണം.

ഒരു മത്സരം കൂടാതെ ഒരു സ്ഥാനാർത്ഥിയും തിരഞ്ഞെടുക്കപ്പെട്ടതായി പ്രസ്താവിക്കരുത്. ധനികരും സ്വാധീനശക്തിയുള്ളവരുമായ ആളുകൾ പണം കൊണ്ടു പ്രലോഭിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ മറ്റു സ്ഥാനാർത്ഥികളെ അവരുടെ സ്ഥാനാർത്ഥിത്വം പിൻവലിക്കാൻ നിർബന്ധിച്ചേക്കാം. അതുകൊണ്ടാണ് ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥി മാത്രമേ അവശേഷിക്കുന്നുള്ളുവെങ്കിൽ അയാളുടെ ജനസമ്മതം പരീക്ഷിക്കേണ്ടിയിരിക്കുന്നത്. ഈ പരീക്ഷണത്തിൽ അയാളുടെ സ്ഥാനം നഷ്ടപ്പെടാനിടയായാൽ അയാൾക്കും, സ്ഥാനാർത്ഥിത്വം പിൻവലിച്ച മറ്റു സ്ഥാനാർത്ഥികൾക്കും അതേ നിയോജകമണ്ഡലത്തിൽ നിന്നും ഉപതിരഞ്ഞെടുപ്പിനുള്ള അവകാശം എടുത്തകളയണം. അതായത് അവർ അടുത്ത തിരഞ്ഞെടുപ്പുവരെ കാത്തിരിക്കണം.

സംവരണസീറ്റുകൾക്കുള്ള വ്യവസ്ഥ ജനകീയഭരണ സമ്പ്രദായത്തിൽ നിയമവിരുദ്ധമാണെങ്കിലും പിന്നോക്ക വിഭാഗത്തിലെ ജനങ്ങൾക്ക് അൽപ്പകാലത്തേക്കു കൂടി ആവിധ സീറ്റുകൾ നീക്കിവയ്പ്പാനുള്ള ഏർപ്പാടു നില നിർത്താം. എന്നാൽ സാധാരണ കാണാൻ കഴിയുന്നതു പിന്നോക്കവർഗ്ഗങ്ങളുടെ പ്രതിനിധികളിൽ കാര്യ ശേഷി യുള്ളവരായി വളരെ കുറച്ചുപേരേയുള്ളൂ എന്നാണ്. അതിനാൽ സംവരണ സീറ്റിലേക്കു മത്സരിക്കാനുള്ള അവകാശം ഒരു പ്രത്യേക വർഗ്ഗത്തിനുമാത്രമായി പരിമി തപ്പെടുത്തിവച്ചിരിക്കുന്നത് ആശാസ്യമല്ല. ഈ സംവര ണസീറ്റിലേക്ക് ഒരു സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കാ നുള്ള പ്രാഥമിക തിരഞ്ഞെടുപ്പിൽ ആ സീറ്റുമാറ്റിവച്ചി ട്ടുള്ള പ്രത്യേക വർഗ്ഗത്തിലുൾപ്പെട്ട ജനങ്ങൾക്കുമാത്രമേ സമ്മതിദാനാവകാശം നൽകാവൂ. ഇങ്ങനെ ആദ്യതിര ഞ്ഞെടുപ്പിൽ ഒരു സ്ഥാനത്തേക്കു രണ്ടു സ്ഥാനാർത്ഥി കളെ അവർക്കു തിരഞ്ഞെടുക്കാൻ കഴിയും. പിന്നീടു പൊതു തിരഞ്ഞെടുപ്പിൽ ആ രണ്ടുപേരിലൊരാൾ അവ സാനമായി തിരഞ്ഞെടക്കപ്പെടും. പ്രാഥമിക തിരഞ്ഞെ ടുപ്പിൽ ഒരാൾ മാത്രമേ തിരഞ്ഞെടുക്കപ്പെടുന്നുള്ളൂവെ ങ്കിൽ, അതായത് എതിരാളികളാരുമില്ലെങ്കിൽ അയാ ളുടെ ജനസമ്മതം പൊതു ജനസമക്ഷം പരീക്ഷിക്കപ്പെ ടണം. പിന്നോക്കവർഗ്ഗത്തിൽ നിന്നോ ന്യൂനപക്ഷത്തു നിന്നോ അങ്ങനെ ഒരാവശ്യം ഉന്നയിച്ചാൽ മാത്രമേ സീറ്റുകൾ സംവരണം ചെയ്തു വയ്ക്കേണ്ട ആവശ്യമു ള്ളൂ.

തിരഞ്ഞെടുപ്പിനു നിൽക്കാനുദ്ദേശമുള്ള സ്ഥാനാർത്ഥികളെല്ലാം അവരുടെ നയങ്ങൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യേണ്ടതാണ്. തിരഞ്ഞെടുപ്പിനുശേഷം ഈ പ്രകടനപത്രികയ്ക്കെതിരായി അവർ പ്രവർത്തിക്കുന്നപക്ഷം അതിന്റെ യാഥാർത്ഥ്യം തെളിയിക്കാനായി കോടതിയിൽ കേസ്സുകൊടുക്കാം. അവർ പരാജിതരായാൽ അവരുടെ തിരഞ്ഞെടുപ്പ് അസാധുവും വ്യർത്ഥവുമായി പ്രഖ്യാപിക്കുകയും വേണം. പ്രായപൂർത്തി വോട്ടവകാശമെന്നതു തീർച്ചയായും കേൾക്കാൻ നല്ല രസമുണ്ട്. പക്ഷെ രാഷ്ട്രീയ പരിജ്ഞാനമില്ലാത്ത സമ്മതിദായകർ ഗവൺമെന്റിനെ ദുർബ്ബലപ്പെടുത്താനിടവരരുത്. നിരക്ഷരകുക്ഷികളും, വളരെ കുറച്ചുമാത്രം പഠിപ്പുള്ളവരുമായ വ്യക്തികളുടെ വോട്ടവകാശം ന്യായപൂർവ്വം നിരസിക്കപ്പെടണം. വിദ്യാഭ്യാസമില്ലാത്ത ഒരു രാജ്യത്തെ ജനായത്തഭരണം കേവലം ഒരു പ്രഹസനമാണ്. ഈ രാജ്യങ്ങളിലെല്ലാം കൗശലവും കാപട്യവുമുള്ളവർക്ക് വിദ്യാവിഹീനരുടെ വോട്ടുകൾ അനായാസേന കൈക്കലാക്കാം. അഥവാ അവർക്കതു വിലയ്ക്കു തന്നെ വാങ്ങാം. ജാതീയതയോ വർഗ്ഗീയതയോ പ്രചരിപ്പിച്ചു വിദ്യാഭ്യാസമില്ലാത്ത രാജ്യത്തെ ജനങ്ങളെ എളുപ്പത്തിൽ വഴിതെറ്റിക്കാം ജനായത്ത ഭരണത്തിന്റെ വിജയം വിദ്യാസമ്പന്നരും രാഷ്ട്രീയ ബോധമുള്ളവരുമായ സമ്മതിദായകരെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ വിദ്യാഭ്യാസ വികസനം ഒരു ജനായത്ത ഭരണദേശത്തിന്റെ മുഖ്യാവശ്യമാണ്. പൊതുജനങ്ങളുടെ സൗകര്യ

ത്തിനായി സൗജന്യ വിദ്യാഭ്യാസവും ഏർപ്പെടുത്തണം. ഈ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നത് ശരിയല്ല. കാരണം സ്വാധീന ശക്തി യുള്ള ആളുകൾ വിദ്യാഭ്യാസമാധ്യമം വഴി വർഗ്ഗീയഭാ വത്തെ പ്രചരിപ്പിക്കാനിടയാകുമെന്നുള്ളതുതന്നെ. നിമിഷം പ്രതി എന്നതുപോലെ ഗവൺമെന്റ് മാറിക്കൊ ണ്ടിരിക്കും. ഈ മാറ്റം വിദ്യാഭ്യാസ സമ്പ്രദായത്തേയും അനുനിമിഷം ബാധിക്കും. തന്മൂലം അതിന്റെ വ്യവസ്ഥ കളാകെ കുഴഞ്ഞുമറിയും.

യൂനിവേഴ്സലിസം (വിശ്വൈകതാഭാവം) അല്ലാതെ ഒരു ഇസവും വിദ്യാഭ്യാസ സമ്പ്രദായത്തിൽ അനുവദ നീയമല്ല. വിദ്യാർത്ഥികളിൽ വിജ്ഞാനതൃഷ്ണ അങ്കുരി പ്പിക്കണം. ആദരവും, ഭക്തിയും, അതുപോലെതന്നെ അച്ചടക്കവും അവരെ പരിശീലിപ്പിക്കണം. ഇതോടുകൂടി ശാസ്ത്രീയാഭിരുചിയും അവരിൽ ഉണർത്തണം. ശാസ്ത്രീയാഭിരുചി ഉൽബുദ്ധമായിട്ടുള്ള ഒരു വിദ്യാർത്ഥിയുടെ മനസ്സിൽ ദുഷ്ചിന്തയോ അന്ധവിശ്വാ സമോ കുടികൊള്ളുകയില്ല. ഇസത്തിന്റെ വർണ്ണപ്പകിട്ട് അവരെ വ്യാമോഹിപ്പിക്കുകയില്ല. ഭാവിയിൽ സദ് വിപ്രന്മാരായി തീരാനുള്ള കഴിവുകൾ അവർ അനായാ സേന നേടിക്കൊള്ളും.

**34**

സമൂഹചക്രം തിരിഞ്ഞുകൊണ്ടേയിരിക്കും, ശൂദ്രയു ഗത്തിനുശേഷം (തൊഴിലാളിയുഗം) ക്ഷാത്രയുഗത്തിന്റെ വരവായി (ധീരയോദ്ധാക്കളുടെയുഗം) അനന്തരം വിപ്ര

യുഗവും (ബുദ്ധിമാന്മാരുടെയുഗം), അതിനെതുടർന്ന് വൈശ്യയുഗവും (മുതലാളിത്തയുഗം) പ്രത്യക്ഷപ്പെടുന്നു. രണ്ടാമത്തെ ചംക്രമണത്തിൽ ശൂദ്രവിപ്ലവത്തെ നയിച്ച ക്ഷത്രിയരുടെ കാലമായ ക്ഷാത്രയുഗമാണ്. ഈ ക്രമത്തിൽ ഈ ഭ്രമണം തുടർന്നുപോകുന്നു. ആദർശങ്ങൾ പ്രചരിപ്പിക്കുന്നതുകൊണ്ടൊന്നും ഈ ചംക്രമണത്തെ തടയാൻ സാദ്ധ്യമല്ല. ഓരോ യുഗവും അനുക്രമമമായി മറ്റൊന്നിനോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ഒരു യുഗം തിരോഭവിച്ചതിനുശേഷമുള്ള മറ്റൊരു യുഗത്തിന്റെ ആഗമനത്തെ ക്രാന്തി എന്നുപറയാം. ഒരു യുഗാന്ത്യത്തിന്റെയും മറ്റൊരു യുഗാരംഭത്തിന്റെയും ഇടയ്ക്കുള്ള യുഗസന്ധിക്കു യുഗസംക്രാന്തി എന്നും പേർപറയാം. ആദ്യത്തെ ശൂദ്രയുഗം കഴിഞ്ഞു രണ്ടാമത്തെ ശൂദ്രവിപ്ലവത്തിനിടയിലുള്ള സമൂഹചക്രത്തിന്റെ ഒരു പരിപൂർണ്ണഭ്രമണത്തിനു പരിക്രാന്തി എന്നു നാമം നൽകാം. ഓരോ പ്രത്യേക യുഗത്തിലും ഓരോ പ്രത്യേക വർഗ്ഗം ഭരണകർത്താക്കളായും ചൂഷകരായും പ്രത്യക്ഷപ്പെടുന്നു.

ഈ പ്രപഞ്ചവും ഈ സമൂഹവും എല്ലാവരുടേതുമാണ്. നമ്മുടെ ഓരോരുത്തരുടേയും പൈതൃകസ്വത്താണ് ഇതിലെ ഓരോ തരിയും. അതിനാൽ ഏതെങ്കിലും ഒരു വർഗ്ഗത്തിന്റെ ഭരണം തുടരാൻ അനുവദിക്കുന്നതു യാതൊരു വിധത്തിലും ഉചിതമല്ല. സമുദായചക്രം കറങ്ങിക്കൊണ്ടുതന്നെയിരിക്കും. ഒരു പ്രത്യേക വർഗ്ഗത്തിന്റെ ആധിപത്യത്തിനെതിരെ സദ്വിപ്രന്മാരുടെ സമ

രവും നമുക്കു തുടരേണ്ടിവരും. എല്ലാവരുടേതുമാണ് സമുദായം. എന്നാൽ അതിന്റെ നേതൃത്വം നിലകൊള്ളു ന്നത് സദ്വിപ്രന്മാരുടെ കരങ്ങളിൽമാത്രമായിരിക്കണം. സമുദായത്തിന്റെ ചുമതലകൾ ക്ഷത്രിയരെ ഏൽപ്പിക്കാ വുന്നതല്ല. എന്തെന്നാൽ ഒരു ക്ഷത്രിയ സാമ്രാജ്യം കെട്ടിപ്പടുക്കാൻ അവർ തുനിയും. അവർ ക്ഷത്രിയവര ല്ലാത്തവരെ ചൂഷണം ചെയ്കയും ദുർബലന്മാരുടെ ജീവരസം ഊററിക്കുടിക്കയും ചെയ്യും. വിപ്രന്മാരെയും സമുദായത്തിന്റെ ഭാരം ഏൽപ്പിച്ചുകൂട. കാരണം, അവരും വിപ്രാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുകയും വിപ്രേതരന്മാരേയും മൂഢന്മാരേയും ചൂഷണം ചെയ്കയും ചെയ്യും. വൈശ്യരെ ഈ ചുമതലകൾ ഏൽപ്പിച്ചാലോ? അവരുടെ താൽപര്യം ഒരു മുതലാ ളിത്ത ഭരണവാഴ്ച ആരംഭിക്കാനായിരിക്കുമെ ന്നുള്ളതുകൊണ്ട് അതും വയ്യ. വൈശ്യേതരന്മാരെ ചുഷണം ചെയ്കയും, കഠിനാദ്ധ്വാനം ചെയ്യുന്നസാധാ രണ ജനങ്ങളുടെ ജീവരക്തം ഊററിക്കുടിയ്ക്കുകയുമാ യിരിക്കും അവർ ചെയ്യുന്നത്. ശൂദ്രർക്കാണെങ്കിൽ സമു ദായ നേതൃത്വം ഏറ്റെടുക്കാനാവില്ല. ഒരു ശൂദ്രവിപ്ലവ ത്തിന്റെ ഫലമായി അവർ നേടി എടുത്ത വിജയം ക്ഷത്രിയർക്ക് നല്ലൊരു ഭൂഷണമായി ഭവിക്കും. യമനിയ മങ്ങളിൽ അടിയുറച്ചവരും, ഭൂമാഭാവത്തെ ഭാവനചെയ്യു ന്നവരുമായ സദ് വിപ്രന്മാരെ മാത്രമേ ഈ ഉത്തരവാ ദിത്വം ഏൽപ്പിക്കാനാവൂ. സമുദായചക്രം അതിന്റെ ക്രമ ത്തിൽ ചലിച്ചുകൊണ്ടേയിരിക്കും. വിപ്രക്ഷത്രിയവൈ

ശ്യരും അവരവരുടെ യുഗങ്ങളിൽ അഭ്യുന്നതി പ്രാപിക്കുമെങ്കിലും, സമുദായത്തിലെ ചംക്രമണമനുസരിച്ചു സാമൂഹ്യ ജീവിതത്തിൽ ഒട്ടൊരു പ്രാധാന്യം അവർ നേടിയിരുന്നാലും, സമുദായനേതൃത്വം സദ് വിപ്രന്മാരിലർപ്പിതമായിരിക്കയാൽ അവർക്ക് ഒരു യുഗത്തിലും സർവ്വാധിപത്യം കൈവരില്ല. ഒരിക്കലും വിശ്രമ സൗഖ്യമില്ലാത്തവരാണ് സദ്വിപ്രന്മാർ. അവർ തളർച്ചകൂടാതെ വിഷമങ്ങളോടു നേരിടേണ്ടിവരും. ഈ പോരാട്ടമാണു ജീവിതം. ഈ സമരമില്ലാതെ പോയാൽ സൃഷ്ടിതന്നെ നിലച്ചുപോകും. വിപ്രക്ഷത്രിയ വൈശ്യശൂദ്രഭാവങ്ങൾ ഒന്നായുടലെടുത്തതാണ് സദ്വിപ്രൻ. അതിനാൽ ഈ സദ്വിപ്രന്മാരുടെ ആധിപത്യത്തിൽ എല്ലാ വർഗ്ഗങ്ങളുടെയും വിജയം സ്ഥിതിചെയ്യുന്നു.

**35**

എല്ലാ ചലനങ്ങൾക്കും ക്രമാനുഗതമായ സങ്കോചവികാസഭാവങ്ങളുണ്ട്. ശക്തി പ്രയോഗിച്ചു സങ്കോചം കൂടുതൽ ദൃഢമാക്കിയാൽ അടുത്ത വികാസത്തിനു വേഗത കൂടും. ഇങ്ങനെ വേഗതകൂടുന്ന ഗതിവിശേഷത്തിനുള്ള ഉചിതമായ പേരു വിപ്ലവം എന്നാണ്. ഇങ്ങനെ ബലപ്രയോഗം കൊണ്ടു വികാസം നീണ്ടുനില്പാനിടയായാൽ അതുകഴിഞ്ഞുവരുന്ന സങ്കോചം കൂടുതൽ മന്ദഗതിയിലായിരിക്കും.

ശക്തിപ്രാപിച്ച ഒരു യുഗത്തെ പിന്നോട്ട് മാറ്റിയാൽ അതായത് വൈശ്യയുഗത്തിൽ നിന്ന് വിപ്രയുഗത്തിലേക്കോ, വിപ്രയുഗത്തിൽ നിന്ന് ക്ഷാത്രയുഗത്തിലേക്കോ

പിന്തിരിച്ചാൽ അപ്പോൾ അതിനു വിക്രാന്തി എന്നു പറയാം. ഈ പുറകോട്ടുള്ള കുതിക്കലിന പ്രതിവിപ്ലവം എന്നും പറയാം. ഈ വിക്രാന്തി അഥവാ പ്രതിവിപ്ലവം നീണ്ടു നിൽക്കുകയില്ല.

ഈ ആധുനിക ലോകത്തിൽ അധികം പുരോഗമിച്ചിട്ടില്ലാത്ത ഒന്നോ രണ്ടോ രാജ്യങ്ങളിൽ ഇപ്പോഴും വിപ്രയുഗമോ ക്ഷാത്രയുഗമോ തന്നെ നിലവിലിരിക്കുന്നു. അഭിവൃദ്ധി പ്രാപിച്ചമിക്ക രാജ്യങ്ങളും വൈശ്യരുടെ ഭരണത്തിലാണ്. ഒന്നോ രണ്ടോ രാജ്യങ്ങളിൽ ശൂദ്രവിപ്ലവത്തെ തുടർന്ന് രണ്ടാം ക്ഷത്രിയ യുഗത്തിന്റെ ഉദയവും കണ്ടു തുടങ്ങിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ രണ്ടാം വിപ്രയുഗത്തിന്റെ ലക്ഷണങ്ങൾതന്നെ തെളിഞ്ഞുവരുന്നു.

**36**

ഈ ലോകത്തിലെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ഏകമാർഗ്ഗം ഒരു ശരിയായ ആദ്ധ്യാത്മിക ദർശനം പ്രചരിപ്പിക്കയാണ്. ഈ ലക്ഷ്യത്തിൽ നോക്കുമ്പോൾ ആനന്ദമാർഗ്ഗത്തിന്റെ ആദർശം ഒരു സ്പർശമണിയായ പരിഗണിക്കാം. കവിഭാവന ഏതൊരു വസ്തുവിനെയും കനകദ്രവ്യമാക്കി മാറ്റുന്നതുപോലെ ആനന്ദമാർഗ്ഗദർശനവും ഏതൊരു പ്രശ്നത്തിൽ പ്രയോഗിച്ചാലും നിശ്ചയമായും അതിനു സന്മാർഗ്ഗികവും നീതിപരവുമായ ഒരു പരിഹാരമുണ്ടാകും.

മനുഷ്യന്റെ ആഗ്രഹങ്ങൾ അവസാനിക്കാത്തതാണ് ഈ ആഗ്രഹങ്ങളെല്ലാം സാധിക്കത്തക്ക വിധം ഓരോന്നിന്റെയും പുറകെ സഞ്ചരിച്ചാൽ ആസ്വാദനത്തോടൊപ്പം മനുഷ്യർ തമ്മിലുള്ള കലഹവും ആരംഭിക്കും. ഭൗതികസമ്പത്ത് പരിമിതമാണ്. അമിതമായ സമൃദ്ധി ഒരാളെ അലസതയിലേക്ക് നയിക്കുമ്പോൾ, മറ്റുള്ളവർക്കത് ക്ഷാമം ഉണ്ടാക്കുന്നു. ഈ അനന്തമായ മനുഷ്യന്റെ ആഗ്രഹം നിറവേറ്റാൻ മാനസികവും ആത്മീയവുമായ സമ്പത്തിന സാധിക്കും. ബ്രഹ്മത്തിന്റെ മഹാമനസ്സുകൊണ്ട് മനുഷ്യരാശിക്ക് അനന്തമായ മാനസിക ആത്മീയ സമ്പത്ത് ശേഖരിച്ചു വെച്ചിരിക്കുന്നു. ആ സമ്പത്ത് മനുഷ്യർ ശരിയായ വിധത്തിൽ വിനിയോഗിക്കേണ്ടതാണ്.

ഉദാരമതികളും ഒരുമയുള്ളവരുമായ വ്യക്തികൾ മനുഷ്യരെ ഈ പരമമായ ലക്ഷ്യപൂർത്തീകരണത്തിലേക്ക് നയിക്കുന്നു. അതിബൃഹത്തായ ആത്മീയ പ്രബന്ധങ്ങൾ വായിക്കുന്നതുകൊണ്ട് ഈ ഉദാരമതികളെ ഉണർത്താൻ കഴിയുകയില്ല. അതിന ഒരാൾ തന്റെ വ്യക്തി ജീവിതത്തിൽ യമനിയമങ്ങൾ ആത്മാർത്ഥമായി അനുഷ്ടിക്കണം. സമൂഹം ഒത്തൊരുമിക്കാൻ വേണ്ടി, ചോദ്യം ചെയ്യാനാവാത്തതും ലൗകികമായ വ്യക്തി വ്യത്യാസങ്ങൾ ഉള്ളതും ബന്ധങ്ങളെക്കുറിച്ചതുമായ ഒരു തത്വശാസ്ത്രം തെരഞ്ഞെടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ പ്രപഞ്ചത്തിനുയോജിച്ച ഒരു തത്വശാസ്ത്രം ധ്രുവനക്ഷത്രമായി സ്വീകരിക്കേണ്ടതുണ്ട്.

ആരാണോ യമനിയമത്തിൽ അധിഷ്ഠിതമായി ജീവിക്കുന്നത്, പ്രപഞ്ചസംബന്ധിയായ ആശയങ്ങളാൽ ഉത്തേജിപ്പിക്കപ്പെട്ടത് അവരാണ് യഥാർത്ഥ സദ്വിപ്രന്മാരെന്ന് നേരത്തെ പറഞ്ഞു. അവരെ മാത്രമേ മനുഷ്യജീവികൾക്ക് ഉദാഹരണമായെടുക്കാനാവൂ. ജനങ്ങൾ അത്തരം സദ്വിപ്രന്മാരെ അവരുടെ സ്വഭാവം കൊണ്ടും നിസ്വാർത്ഥ സമർപ്പണം കൊണ്ടും കൃത്യനിർവ്വഹണം കൊണ്ടും ധാർമ്മികതകൊണ്ടും തിരിച്ചറിഞ്ഞുകൊള്ളും.

ഈ സദ് വിപ്രന്മാർ ഉറക്കെ പ്രഖ്യാപിക്കും എല്ലാ മനുഷ്യരും ഒരു കുടുംബമാണെന്ന്, എല്ലാവർക്കും തുല്യ അവകാശമാണെന്ന്, മനുഷ്യരെല്ലാം സഹോദരീ സഹോദരന്മാരാണെന്ന്.ഈ സദ്വിപ്രന്മാർ ചൂഷകർക്കെതിരെ ശക്തമായി പ്രതികരിക്കും മനുഷ്യരാശിയുടെ ചൂഷണം ഒരുകാരണവശാലും അനുവദിക്കില്ല. മതപരമായ കാപട്യങ്ങൾ ഒരിക്കലും സഹിക്കില്ല. സേവനത്തിന്റേയും ത്യാഗത്തിന്റേയും ചിഹ്നമായ കാവിക്കൊടിയുടെ കീഴിൽ നിന്ന് ഛിന്നഭിന്നമായ സമൂഹത്തോടവർ കാഹളം മുഴക്കി ഇങ്ങനെ പ്രഖ്യാപിക്കും ലോകമാനവരെ ഒന്നിക്കൂ . എന്നിട്ടവർ ഇങ്ങനെ കൂട്ടത്തോപാടും :

സംഗച്ഛദ്വം സംവദധ്വം
സംവോ മനാംസി ജാനതാം
ദേവാഭാഗം യഥാപൂർവ്വേ
സംജ്ഞാനാനാ ഉപാസതേ

സമാനീ വ ആകുതി
സമാനാ ഹൃദയാനി വഃ
സമാനമസ്തു വോ മനോ
യഥാ വഃ സുസഹാസതി

(നമുക്കെല്ലാവർക്കും ഒന്നിച്ചു നീങ്ങാം നമുക്കൊരുമിച്ചുപാടാം. നമ്മുടെ മനസ്സ് ഒന്നായിച്ചേരുന്നത് നാമറിയുന്നു. അതിനാലെല്ലാവരും ഒന്നിച്ച് ഈ പ്രപഞ്ചത്തിൽ ആനന്ദിക്കുക. നമ്മുടെ ഇഷ്ടങ്ങൾ ഒന്നാകട്ടെ. നമ്മുടെ മനസ്സുകളെ വേർപെടത്താൻ കഴിയാതിരിക്കട്ടെ. ശരിയായ രീതിയിൽ പരസ്പരം അറിയാൻ കഴിയുമ്പോൾ നാം ഒന്നായിത്തീരും.

(റിനൈസൻസ് ക്ലബ്ബിന്റെ രൂപീകരണത്തോടനുബന്ധിച്ച് ബീഹാറിലെ ഭാഗ്ളപൂരിൽ ത്രിമോഹൻ എന്ന സ്ഥലത്തു വെച്ച് 1958 ജനുവരി 26 യുവാക്കളുടെ യോഗത്തിൽ നടത്തിയ പ്രഭാഷണം.)

## അവസാനം

--------------- X --------------

## അറിയിപ്പ

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും,

ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനം കോ് സാധകന് വിമുക്തി കരഗതമാകുന്നു.

ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധി രാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവു ന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

# Contacts

## 1. Kozhikode:

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

2. Thrissur:

a. Babu Thayyil - 9495169061

b. Jyotish - 9446345715

3. Ernakulam:

a. Padmanabhan- 9847633331

b. Ramkumar - 9388604260

# Address Central:

Ananda Marga Pracaraka Samgha
VIP Nagar, Tiljala, Kolkata -100
Phone : 033 - 23451274

# Address Local:

1. Ananda Marga Ashram,
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 9388353604

2. Ananda Marga Ashram
Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

3.Ananda Marga Ashram (Lady managed)

Edakkadu, West Hill, Athanikkal,
Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson's Housing Colony
Pottore, Thrissur, Kerala
Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.
Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram

Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram
Contact: 9620648627